സബ്മിഷൻ

(1) അത്താണി ഇൻഫോപാർക്കിന് പ്രത്യേക പാക്കേജ്

ഡെപ്യൂട്ടി സ്പീക്കർ (ശ്രീമതി ഷാനിമോൾ ഉസ്മാൻ): സർ, അത്താണി നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട സെസ് പദവിയിലുള്ള ഇൻഫോപാർക്കിൽ നിലവിൽ പരിമിതമായ കമ്പനികൾ മാത്രമാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത കമ്പനികൾ വളരെ കുറച്ച് ജീവനക്കാരെ മാത്രമാണ് വിന്യസിച്ചിട്ടുള്ളത്. ഗ്രാമീണ മേഖലയിലെ ഇൻഫോപാർക്ക് എന്ന നിലയിലുള്ള പരിമിതികൾ ഈ സ്ഥാപനത്തിനുണ്ട്. പൊതുഗതാഗത കണക്ടിവിറ്റി ഇല്ലാത്തതും ജീവനക്കാർക്ക് താമസിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങളില്ലാത്തതും ഇവിടുത്തെ പ്രധാന പ്രശ്നങ്ങളാണ്. അത്താണിന് കൊച്ചിയുടെ 'സാറ്റലൈറ്റ് സിറ്റി' എന്ന ഒരു വിളിപ്പേരുണ്ട്. പക്ഷേ കൊച്ചിയുമായി താരതമ്യം ചെയ്യുമ്പോൾ അത്താണിലെ അവസ്ഥ വളരെ പരിതാപകരമാണ്. എന്നാൽ അത് അന്വർത്ഥമാക്കാനുള്ള ഒരു നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല. ധാരാളം സ്ഥല ലഭ്യതയുള്ള പള്ളിപ്പുറം ഇൻഫോപാർക്കിനെ ഒരു മികച്ച ഐ.ടി. ഹബ്ബായി വികസിപ്പിക്കുന്നതിനും കൂടുതൽ ഐ.ടി. കമ്പനികളെയും പ്രൊഫഷണലുകളെയും, അതുപോലെ

നിക്ഷേപങ്ങളും ആകർഷിക്കുന്നതിനും അടിയന്തര ഇടപെടൽ ആവശ്യമാണ്. അതിനുവേണ്ടി പ്രത്യേക പാക്കേജ് അനുവദിക്കണം. ബഹുമാനപ്പെട്ട വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി ഇതിനകംതന്നെ അത്താണി പള്ളിപ്പുറം ഇൻഫോപാർക്കിന്റെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. അങ്ങയുടെ കാലഘട്ടത്തിൽത്തന്നെ ഇതിനെ വളരെ മികച്ച ഇൻഫോപാർക്കായി മാറ്റണമെന്നാണ് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, അത്താണി ഇൻഫോപാർക്ക് വളരെക്കാലമായി വികസനമില്ലാത്ത അവസ്ഥയിലാണ്. അത്താണി ഇൻഫോപാർക്കിന് ഒരു ശാപമോക്ഷം നൽകാനുള്ള നടപടി സർക്കാർ സ്വീകരിക്കും. കൊച്ചിയുമായി വളരെ അടുത്താണ് ഈ ഇൻഫോപാർക്ക് സ്ഥിതി ചെയ്യുന്നത്. കേരളംതന്നെ ഒരു സിറ്റിയായി മാറിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ തീർച്ചയായും അത്താണി ഇൻഫോപാർക്ക് നല്ല നിലയിൽ ഉപയോഗിക്കാൻ സാധിക്കുമെന്ന വിശ്വാസമുണ്ട്. അതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

Submission

(2) കോഴിക്കോട് - കൊല്ലഗൽ 766 ദേശീയപാതയിൽ നിലനിൽക്കുന്ന രാത്രികാല യാത്രാ നിരോധനം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, എൻ.എച്ച് 766-ലെ രാത്രിയാത്ര നിയന്ത്രണവുമായി ബന്ധപ്പെട്ടാണ് ഈ സബ്മിഷൻ സഭയിൽ ഉന്നയിക്കുന്നത്. 2009-ലാണ് രാത്രിയാത്ര നിരോധനം നിലവിൽ വന്നത്. ചാമരാജ് നഗർ കളക്ടറാണ് ഈ ഉത്തരവ് പുറപ്പെടുവിച്ചത്. അന്നത്തെ സർക്കാർ ഇടപെട്ട് ആ ഉത്തരവ് പിൻവലിപ്പിച്ചെങ്കിൽപ്പോലും പരിസ്ഥിതി പ്രവർത്തകർ കർണ്ണാടക ഹൈക്കോടതിയെ സമീപിക്കുകയും ബഹുമാനപ്പെട്ട ഹൈക്കോടതി കളക്ടർ പുറപ്പെടുവിച്ച ഉത്തരവ് ശരിവയ്ക്കുകയുമാണ് ചെയ്തത്. കേരളത്തിൽനിന്നുള്ള വിദ്യാർഥികളും കർഷകരും വ്യാപാരികളും ഉദ്യോഗസ്ഥരും അടങ്ങുന്ന ആയിരക്കണക്കിന് വ്യക്തികളാണ് ദിനംപ്രതി ഈ പാത ഉപയോഗിക്കുന്നത്. ഈ പാത കോഴിക്കോട് നിന്ന് ആരംഭിച്ച് താമരശ്ശേരി, കൽപ്പറ്റ, സുൽത്താൻബത്തേരി, മുത്തങ്ങ, ഗുണ്ടൽപേട്ട്, മൈസൂർ, ബെംഗളൂരു വരെയാണ്. കർണ്ണാടകയിൽനിന്ന് പച്ചക്കറി ഉൾപ്പെടെയുള്ള ചരക്ക് ഗതാഗതം ഈ പാതയിൽക്കൂടിയാണ് നടക്കുന്നത്. 2018-ലെയും 2019-ലെയും മഹാപ്രളയകാലത്ത് വയനാട് ജില്ല നാല്

ചുരങ്ങളിലൂടെയുമുള്ള ഗതാഗതം നിലച്ച് ഒറ്റപ്പെട്ടുപോയപ്പോൾ മൈസൂർ, ബെംഗളൂരു എന്നിവിടങ്ങളിൽനിന്നും ഭക്ഷ്യ സാധനങ്ങൾ എത്തിച്ചത് ഈ പാതയിൽക്കൂടിയാണ്. 2024-ൽ ഉണ്ടായ ചൂരൽമല ദുരന്തവുമായി ബന്ധപ്പെട്ട് ബെയ്‌ലി പാലം നിർമ്മിക്കാൻ മിലിട്ടറി സേനാംഗങ്ങൾ വന്നത് ഈ പാതയിൽക്കൂടിയാണ്. ഈ പാതയാണ് ഇപ്പോൾ രാത്രികാലങ്ങളിൽ അടഞ്ഞുകിടക്കുന്നത്. ഈ പ്രശ്നം പരിഹരിക്കണമെന്നാവശ്യപ്പെട്ട് എല്ലാ രാഷ്ട്രീയ പാർട്ടികളിലും ഉൾപ്പെട്ട യുവജന സംഘടനകൾ 2019 സെപ്റ്റംബർ 25 മുതൽ ഏകദേശം 25 ദിവസത്തോളം നീണ്ടുനിന്ന നിരാഹാര സമരം നടത്തിയിരുന്നു. ആ സമരത്തിന് പിന്തുണ നൽകി ശ്രീ. രാഹുൽ ഗാന്ധിയും ശ്രീമതി പ്രയങ്ക ഗാന്ധിയും അടക്കം എല്ലാ രാഷ്ട്രീയ നേതാക്കളും അവിടെ വന്നിരുന്നു. അന്ന് ക്യാബിനറ്റിലെ രണ്ട് മന്ത്രിമാർ സമര സമിതി അംഗങ്ങളുമായി സംസാരിക്കുകയും കർണ്ണാടക സർക്കാരുമായി ബന്ധപ്പെട്ട് ഈ പ്രശ്നത്തിന് പരിഹാരം കാണുമെന്ന് തീരുമാനമെടുത്ത് പിരിയുകയും ചെയ്തതല്ലാതെ യാതൊരു ചർച്ചയും കർണ്ണാടക സർക്കാരുമായി നടത്തിയിട്ടില്ല. ഈ കേസ് ഇപ്പോൾ സുപ്രീം

കോടതിയുടെ പരിഗണനയിലാണ്. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് ഈ വിഷയത്തിൽ നാല് തവണ ചർച്ച നടത്തുകയും കേരളത്തിൽനിന്നും ഹൈക്കോടതിയിലെ പ്രസിദ്ധ അഭിഭാഷകനായ ഗോപാൽ സുബ്രഹ്മണ്യത്തെ നിയോഗിക്കുകയും ചെയ്തിരുന്നു. അന്നത്തെ കോടതി ഉത്തരവിൽ പറയുന്നത് കർണ്ണാടക സർക്കാരുമായി ആലോചിച്ച് ഒരു യോജിച്ച റിപ്പോർട്ട് സമർപ്പിക്കാനാണ്. ടണലിനോ എലിവേറ്റഡ് ഹൈവേയ്ക്കോ ഉള്ള സാധ്യതകളാണ് അവിടെയുള്ളത്. ഈ പദ്ധതിക്ക് ഡി.പി.ആർ. തയ്യാറാക്കേണ്ടത് കേരളാസർക്കാരാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇക്കാര്യങ്ങൾ അറിയാവുന്നതാണ്. 2009 മുതൽ ഈ സഭയിൽ പല തവണ ചർച്ച ചെയ്ത വിഷയമാണിത്. ഒരു ദേശീയ പാത അടഞ്ഞുകിടക്കുകയാണ്. വനം, റവന്യൂ, പൊതുമരാമത്ത് എന്നീ വകുപ്പുകൾ ഇക്കാര്യത്തിൽ ഇടപെടണം, കർണ്ണാടക സർക്കാരുമായി ചർച്ച നടത്തണം. ഈ കേസ് അടുത്തുതന്നെ സുപ്രീംകോടതി പരിഗണിക്കുമെന്നാണ് അറിയാൻ സാധിച്ചത്. ഇക്കാര്യത്തിൽ കേരളാ- കർണ്ണാടക സർക്കാരുകൾ യോജിച്ച് തീരുമാനമെടുത്ത് കേന്ദ്ര സർക്കാരുമായി ആലോചിച്ച്

ടണലിനുവേണ്ടിയുള്ള പ്രൊപ്പോസൽ സുപ്രീംകോടതിയിൽ സമർപ്പിക്കേണ്ടതാണ്. മദ്ധ്യപ്രദേശിലെ പെഞ്ച് മേഖലയിലും രാജസ്ഥാനിലുമൊക്കെ ഇതേപോലുള്ള എലിവേറ്റഡ് ഹൈവെയും ടണലുമൊക്കെ നിർമ്മിച്ചിട്ടുണ്ട്. സാധാരണക്കാരുടെ യാത്ര നിരോധിക്കുന്ന സാഹചര്യം പിൻവലിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഇക്കാര്യത്തിൽ ഇടപെട്ട് കർണ്ണാടക സർക്കാരുമായി ചർച്ച നടത്തി തീരുമാനമുണ്ടാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, എൻ.എച്ച്. 766, എൻ.എച്ച്. 67 എന്നീ രണ്ട് ദേശീയ പാതകൾ ബന്ദിപ്പൂർ ദേശീയ പാർക്കിലൂടെയും ടൈഗർ റിസർവിലൂടെയുമാണ് കടന്നുപോകുന്നത്. ദേശീയ പാതയിലൂടെ വാഹനങ്ങൾ കടന്നുപോകുമ്പോൾ നിരവധി വന്യജീവികൾ തുടർച്ചയായി കൊല്ലപ്പെടുന്നുവെന്ന കാരണത്താലാണ് ദേശീയ പാതയിലൂടെയുള്ള ഗതാഗതം പരിമിതപ്പെടുത്തണമെന്ന ആവശ്യമുയർന്നത്. ഇതിനെത്തുടർന്ന് പ്രസ്തുത പ്രദേശത്തെ ഡെപ്യൂട്ടി കമ്മീഷണർ ബന്ദിപ്പൂർ

Submission

നാഷണൽ പാർക്കിലൂടെയും ടൈഗർ റിസർവിലൂടെയും രാത്രി ഒൻപത് മണി മുതൽ പുലർച്ചെ ആറ് മണി വരെ കടന്നുപോകുന്ന എല്ലാത്തരം വാഹന ഗതാഗതവും നിരോധിച്ചു. പക്ഷേ കുറച്ച് ദിവസങ്ങൾക്കുശേഷം ആ നിരോധനം അവർ പിൻവലിച്ചെങ്കിലും ബഹുമാനപ്പെട്ട കർണ്ണാടക ഹൈക്കോടതി ആ നടപടി സ്റ്റേ ചെയ്തു. സ്റ്റേ ഇപ്പോഴും നിലനിൽക്കുകയാണ്. അതിനുശേഷം സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തെങ്കിലും സുപ്രീംകോടതി കർണ്ണാടക ഹൈക്കോടതിയുടെ നടപടി സ്റ്റേ ചെയ്തിട്ടില്ല. ഈ വിഷയത്തിൽ ഒരു ഓൾട്ടർനേറ്റ് പ്രൊപ്പോസൽ സമർപ്പിക്കാനാണ് ബഹുമാനപ്പെട്ട സുപ്രീം കോടതി ആവശ്യപ്പെട്ടിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ശ്രീ. ഐ. സി. ബാലകൃഷ്ണൻ പറഞ്ഞതുപോലെ ടണൽ അല്ലെങ്കിൽ മൃഗങ്ങളുടെ സഞ്ചാരം തടസ്സപ്പെടുത്താത്തവിധം മുകളിലൂടെയുള്ള പാത നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ/ഡി.പി.ആർ. ആണ് സുപ്രീം കോടതിയിൽ നൽകേണ്ടത്. ഡി.പി.ആർ. നൽകുന്നതിനുമുമ്പ് കർണ്ണാടക സർക്കാരുമായി ചർച്ച ചെയ്ത് അതിൽ ഒരു ധാരണയുണ്ടാക്കണം. ആദ്യഘട്ടത്തിൽ കർണ്ണാടക മുഖ്യമന്ത്രിയുമായി ഈ വിഷയം

സംസാരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വയനാട് എം.പി. ശ്രീമതി പ്രിയങ്ക ഗാന്ധിയും ഇടപെട്ടിട്ടുണ്ട്. കർണ്ണാടക സർക്കാരും കേരളാ സർക്കാരും തമ്മിൽ ഒരു ധാരണയുണ്ടാക്കി ഒരു ഓൾട്ടർനേറ്റീവ് പ്രൊപ്പോസൽ അവതരിപ്പിച്ചാൽ മാത്രമാണ് സുപ്രീംകോടതിയിൽ പെൻഡിങ്ങിൽ നിൽക്കുന്ന കേസിൽ എന്തെങ്കിലും മാറ്റം വരുത്താൻ സാധിക്കുകയുള്ളൂ. അക്കാര്യത്തിൽ സർക്കാർ ഗൗരവമായി ഇടപെടും. ഏറ്റവും രസകരമായ കാര്യം ഇപ്പോൾ അവിടെ സമരം തുടങ്ങിയിരിക്കുകയാണെന്നതാണ്. ഇതിനുമുമ്പ് പത്ത് വർഷം ഭരിച്ച സർക്കാർ അവിടെ ഒന്നും ചെയ്തിട്ടില്ല, ഒന്നും ചെയ്യാൻ സാധിക്കുമായിരുന്നില്ല. എന്നാൽ പുതിയ സർക്കാർ അധികാരത്തിൽ വന്നിട്ട് നാല് മാസം ആയപ്പോഴേയ്ക്കും ഇക്കാരണം പറഞ്ഞ് സമരം തുടങ്ങിയിരിക്കുകയാണ്. ബഹുമാനപ്പെട്ട കർണ്ണാടക ഹൈക്കോടതിയുടെ 2009-ലെ സ്റ്റേ ഉത്തരവ് ബഹുമാനപ്പെട്ട സുപ്രീംകോടതി നീക്കിയിട്ടില്ല. അവിടെ സർക്കാർ ഒന്നും ചെയ്യുന്നില്ലെന്ന വ്യാപകമായ പ്രചരണമാണ് നടത്തുന്നത്. പ്രസ്തുത വിഷയത്തിന് പരിഹാരം കാണുന്നതിനായി ഇതിനകംതന്നെ ഞാൻ കർണ്ണാടക മുഖ്യമന്ത്രിയുമായി

സംസാരിച്ചിട്ടുണ്ട്. ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാനുള്ള പരമാവധി ശ്രമം സർക്കാർ നടത്തും.

(3) നിയമസഭാ സമിതി റിപ്പോർട്ടുകളുടെ ഏകോപനത്തിനായി പ്രത്യേക വിഭാഗം രൂപീകരിക്കൽ

ശ്രീ. വി. ടി. ബൽറാം: സർ, ഒരു ചരിത്രനിമിഷത്തിനാണ് അൽപം മുമ്പ് ഈ സഭ സാക്ഷ്യം വഹിച്ചത്. ഈ സഭയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു ഡെപ്യൂട്ടി സ്പീക്കർ സബ്മിഷൻ അവതരിപ്പിച്ചത്.

മി. സ്പീക്കർ: ഈ സെഷനിൽതന്നെ ബഹുമാന്യയായ ഡെപ്യൂട്ടി സ്പീക്കർ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചിട്ടുണ്ടായിരുന്നു.

ശ്രീ. വി. ടി. ബൽറാം: സർ, ഇത്തരത്തിലുള്ള നല്ല മാറ്റങ്ങളിലേക്ക് ബഹുമാനപ്പെട്ട സഭയും ചെയറും കടക്കുമ്പോൾ നമ്മുടെ സഭയുടെ പ്രവർത്തനങ്ങളെയും അതുപോലെ സഭയുടെ മിനിയേച്ചറുകളായ സഭാ സമിതികളുടെ പ്രവർത്തനങ്ങളെ കൂടുതൽ ഇഫക്ടീവാക്കുന്നതിനായും കാലാനുസൃതമായി നല്ല രീതിയിൽ മാറ്റുന്നതിനും വേണ്ടിയുള്ള ഒരു സബ്മിഷനാണ് ഞാൻ അവതരിപ്പിക്കുന്നത്. കേരള നിയമസഭയ്ക്ക് 14 സബ്ജക്ട് കമ്മിറ്റികളും 4 ഫിനാൻസ് കമ്മിറ്റികളും 19 വെൽഫെയർ

കമ്മിറ്റികളും ഉൾപ്പെടെ 37 സഭാ സമിതികളുണ്ട്. അതിൽ സബ്ജക്ട് കമ്മിറ്റികളുടെയെല്ലാം ചെയർപേഴ്സണ്മാർ ബഹുമാനപ്പെട്ട മന്ത്രിമാരായതുകൊണ്ട് അതിലെടുക്കുന്ന തീരുമാനങ്ങൾ വളരെ ഫലപ്രദമായി നടപ്പാക്കാൻ വേണ്ടിയുള്ള സംവിധാനമുണ്ട്. എന്നാൽ ഫിനാൻസ് കമ്മിറ്റികളിലും മറ്റ് വെൽഫെയർ കമ്മിറ്റികളിലും.... നിയമസഭാംഗങ്ങളായിട്ടുള്ള നമ്മളും അതുപോലെ നിയമസഭയിലെ നൂറുകണക്കിന് ജീവനക്കാരും വലിയ അധ്വാനം നടത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് സഭാ സമിതികളുടെ പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നത്. ഇതിന്മേൽ ഒരുപാട് അധ്വാനിച്ച് ഹോംവർക്ക് ചെയ്ത് റിപ്പോർട്ടുകൾ സമർപ്പിച്ചാൽ, ആ റിപ്പോർട്ടുകളിന്മേൽ കാര്യമായ നടപടികൾ പലപ്പോഴുമുണ്ടാകുന്നില്ല. ഞാൻ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ ചെയർപേഴ്സണാണ്. ഞങ്ങളിപ്പോൾ പരിഗണിക്കുന്ന ഫയലുകൾ പലതും 2010-11 കാലഘട്ടത്തിലേതാണ്. പതിറ്റാണ്ടുകൾ പഴക്കമുള്ള ഫയലുകളാണ് പരിശോധിക്കുന്നത്. വിഷയങ്ങൾ പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലുമൊരു ചോദ്യം ചോദിച്ചാൽ അല്ലെങ്കിൽ ഇതുസംബന്ധിച്ച

അധികവിവരങ്ങൾ ഡിപ്പാർട്ട്മെന്റുകളിൽ നിന്നും ആരായാൻ ശ്രമിച്ചാൽ, ഇന്ന് നോട്ടീസ് നൽകിയാൽ ഏകദേശം രണ്ട് വർഷത്തോളം കഴിഞ്ഞാണ് മറുപടി ലഭിക്കുന്നത്. അതിലെന്തെങ്കിലും അവ്യക്തത തോന്നി അധിക വിശദീകരണം ചോദിച്ചാൽ വീണ്ടും വർഷങ്ങളുടെ കാലതാമസമുണ്ടാക്കുകയാണ്. അതുകൊണ്ടാണ് 2010 മുതലുള്ള ഫയലുകൾ ഇപ്പോഴും പെൻഡിങ്ങായിരിക്കുന്നത്. ഇതിന്റെ ഒടുവിലാണ് റിപ്പോർട്ടുകൾ സമർപ്പിക്കുന്നത്. റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കണും അനന്തമായി നീളുകയാണ്. അതിലും ഏതെങ്കിലും തരത്തിലുള്ള ക്ലാരിഫിക്കേഷൻ ചോദിച്ചാൽ വീണ്ടും വർഷങ്ങളുടെ കാലതാമസമുണ്ടകും. ഇത്തരത്തിൽ വലിയ രീതിയുള്ള ഒരു ദുരവസ്ഥയാണുള്ളത്. ഇത്രയും അധ്വാനവും പ്രയത്നവുമുണ്ടായിട്ടും അതൊന്നും എവിടെയുമെത്താതെ പോകുന്ന അവസ്ഥ അങ്ങേയ്ക്ക് കൃത്യമായും മനസ്സിലാക്കാവുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർഥിക്കാനുള്ളത്, അങ്ങ് പല രീതിയിലും ഭരണസംവിധാനത്തെ കാലാനുസൃതമായി മാറ്റുന്നതിനായി പല തരത്തിലുള്ള ഇടപെടലും നടത്തുന്നുണ്ട്. ഗവൺമെന്റ് പ്രോജക്ടുകളുടെ സമയബന്ധിതമായ

ഇംപ്ലിമെന്റേഷനും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും നടത്തുന്നതിനുവേണ്ടിയുള്ള ഒരു സർക്കാർ ഡിപ്പാർട്ടുമെന്റാണ് പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് (Programme implimentation evaluation and monitoring department). സഭാസമിതികളുടെ റിപ്പോർട്ടുകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനായി ഇത്തരത്തിലുള്ള ഒരു സംവിധാനം ഗവൺമെന്റ് സെക്രട്ടേറിയറ്റിലുണ്ടാകണമെന്നാണ് അഭിപ്രായപ്പെടുന്നത്. വളരെ പ്രധാനപ്പെട്ടൊരു വിഷയമാണിത്. ഇതുമായി ബന്ധപ്പെട്ട് ഈ ഡിപ്പാർട്ട്മെന്റിന്റെതന്നെ കീഴിൽ ഒരു സെക്ഷൻ ആരംഭിക്കുന്നത് ഉചിതമായിരിക്കും. വളരെ എളുപ്പത്തിൽ കമ്മ്യൂണിക്കേഷൻ നടത്താനും ഇക്കാര്യങ്ങളിൽ ആക്ഷൺ ടേക്കൺ കൃത്യമായിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും വേണ്ടിയാണിത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് ഇടപെട്ട് ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ അത്തരത്തിലൊരു സംവിധാനം ഏർപ്പെടുത്തണമെന്നാണ് എന്റെ അഭ്യർഥന. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ അനുകൂല

നിലപാടുണ്ടാകുമെന്ന് എനിക്ക് പ്രതീക്ഷയില്ല. കാരണം അവരുടെ ജോലി ഭാരവും അക്കൗണ്ടബിലിറ്റിയും വർധിക്കുന്ന കാര്യമാണിത്. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു പൊളിറ്റിക്കൽവിൽ ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയാണ്. ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ നിയമസഭാ സമിതികളുടെ റിപ്പോർട്ടുകളിന്മേലുള്ള കാര്യങ്ങൾ സമയബന്ധിതമായി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള ഒരു സ്പെഷ്യൽ സെൽ രൂപീകരിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, നിയമസഭാ സമിതികൾ സഭയ്ക്കുമുമ്പാകെ സമർപ്പിക്കുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിലുണ്ടാകുന്ന കാലതാമസം വളരെ ഗൗരവത്തോടെ കാണേണ്ട ഒരു കാര്യമാണ്. ശ്രീ. വി. ടി. ബൽറാമിനെപ്പോലെ, 15 വർഷം മുമ്പ് 2011-ൽ ഞാൻ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ ചെയർപേഴ്സണായിരുന്നു കൂടാതെ പി.എ.സി.-യുടെ ചെയർപേഴ്സൺ സ്ഥാനവും വഹിച്ചിട്ടുണ്ട്. പി.എ.സി., എ.ജി.-യുമായി ബന്ധപ്പെട്ട കമ്മിറ്റിയാണ്. നിയമസഭാ

സമിതികൾ വളരെ ഗൗരവമായി ചർച്ച ചെയ്ത് രൂപീകരിക്കുന്ന റിപ്പോർട്ടുകൾ നടപ്പാക്കുന്ന കാര്യത്തിലും അതിന്റെ പരിശോധനയുടെ കാര്യത്തിലും ഒരുപാട് കാലതാമസമുണ്ടാകാറുണ്ട്. മാത്രമല്ല ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ നിയമസഭാ സമിതികൾ ആവശ്യപ്പെടുന്ന കാര്യങ്ങൾ ലഭ്യമാകാൻ ഒരുപാട് തടസ്സങ്ങളുണ്ട്. നിലവിലെ സെക്രട്ടേറിയറ്റ് മാന്വലും റൂൾസ് ഓഫ് ബിസിനസ്സും അനുസരിച്ച് അതത് ഡിപ്പാർട്ട്മെന്റുകളാണ് അതത് വിഷയങ്ങളിലെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. എന്നാൽ നിലവിലുള്ള സിസ്റ്റം അതിന് മതിയാകില്ലെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ പരാതി വളരെ പ്രധാനപ്പെട്ടതാണ്. സെക്രട്ടേറിയറ്റ് മാന്വലിലും റൂൾസ് ഓഫ് ബിസിനസ്സിലും ഭേദഗതി വരുത്തിയിട്ടാണെങ്കിലും നിയമസഭാ സെക്രട്ടേറിയറ്റും സംസ്ഥാന സെക്രട്ടേറിയറ്റും തമ്മിലുള്ള റിലേഷൻ കുറച്കൂടി ശക്തിപ്പെടുത്തണമെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ബഹുമാനപ്പെട്ട സ്പീക്കറോടുകൂടി ആലോചിച്ച് ഇക്കാര്യത്തിൽ സർക്കാർ ശക്തമായ നടപടി സ്വീകരിക്കും. നിയമസഭാ സമിതികളുടെ റിപ്പോർട്ടുകൾ ഗൗരവത്തോടുകൂടി സർക്കാർ കൈകാര്യം ചെയ്യുന്ന ഒരു സംവിധാനം

ഏർപ്പെടുത്തുന്നതിനെക്കുറിച്ച് സർക്കാർ ഗൗരവമായി ആലോചിക്കുമെന്ന് ഈ അവസരത്തിൽ ഉറപ്പുനൽകുന്നു.

മി.സ്പീക്കർ: ഒരു നിയമസഭാ സമ്മേളനത്തിൽ നിയമസഭാ സമിതിയുമായി ബന്ധപ്പെട്ട ഒരു റിപ്പോർട്ട് ചർച്ച ചെയ്യുന്നതിന് അവസരമുണ്ട്. അതുസംബന്ധിച്ച് അങ്ങ് പരിശോധിച്ചാൽ മതിയാകും. ബി.എ.സി. യോഗത്തിൽ ഇക്കാര്യം ചർച്ച ചെയ്യാം. മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത്, ഇപ്പോൾ നിയമസഭാ സമിതികളുടെ മുമ്പിലെത്തുന്ന റിപ്പോർട്ടുകൾ 15 മുതൽ 25 വർഷങ്ങൾക്ക് മുമ്പുള്ളതാണ്. ഇതിൽ വേസ്റ്റ് ഓഫ് ടൈം ആണ് സംഭവിക്കുന്നത്. അന്വേഷണം നടത്തുമ്പോൾ കുറ്റക്കാരാണെന്ന് തോന്നിക്കഴിഞ്ഞാൽ ടി വ്യക്തികൾ സർവീസിൽനിന്നും വിരമിച്ചതിനുശേഷം മാത്രമേ ഈ വിഷയം പുറത്തുവരികയുള്ളൂ എന്നതാണ് മറ്റൊരു ദുരവസ്ഥ. ഇക്കാര്യംകൂടി ഗൗരവമായി പരിശോധിക്കേണ്ടതുണ്ട്. ഇവയെല്ലാം ചർച്ച ചെയ്ത് ഉചിതമായ തീരുമാനത്തിലെത്തേണ്ടതുണ്ട്. ഇക്കാര്യങ്ങളെല്ലാം ആലോചിച്ചെങ്കിൽ മാത്രമേ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാകുകയുള്ളൂ.

Submission

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് സൂചിപ്പിച്ച കാര്യം വളരെ ശരിയാണ്. ബിസിനസ്സിൽ മാറ്റം വരുത്തി ഒരു കമ്മിറ്റി റിപ്പോർട്ട് സഭയിൽ ചർച്ച ചെയ്യാൻ കഴിയുന്ന തരത്തിലൊരു പ്രൊവിഷനുണ്ട്. തീർച്ചയായും അടുത്ത സഭാസമ്മേളനത്തിൽ ഒരു നിയമസഭാ സമിതിയുടെ റിപ്പോർട്ട് ഗൗരവമായി ചർച്ച ചെയ്യാവുന്നതാണ്. ഞാൻ 2016-ൽ പി.എ.സി. ചെയർമാനായി ചുമതലയേൽക്കുമ്പോൾ 20 വർഷം മുമ്പുള്ള എ.ജി. റിപ്പോർട്ടുകളായിരുന്നു ആദ്യം പരിഗണിച്ചിരുന്നത്. വളരെ റീസന്റായിട്ടുള്ള ഫയലുകളൊഴിച്ച് ബാക്കിയെല്ലാം സമയബന്ധിതമായി ഡിസ്പോസ് ചെയ്യുവാനും തുടർച്ചയായി കമ്മിറ്റിയുടെ സിറ്റിങ് നടത്താനും അന്നത്തെ സമിതിയംഗങ്ങളും ഉദ്യോഗസ്ഥരും ചേർന്ന് തീരുമാനമെടുക്കുകയുണ്ടായി. അതത് കമ്മിറ്റികൾ കുറച്ചുകൂടി ശ്രദ്ധയോടും ഗൗരവത്തോടുംകൂടി ഉദ്യോഗസ്ഥരെക്കൂടി സഹകരിപ്പിച്ചുകൊണ്ട് തീരുമാനമെടുത്താൽ ഇത്തരത്തിലുള്ള കാലതാമസം ഒഴിവാക്കാം. അങ്ങ് സൂചിപ്പിച്ചതുപോലെ, ഒരാൾക്കെതിരെ നടപടിയെടുക്കുന്ന സമയം അയാൾ സർവീസിൽനിന്നും വിരമിച്ചിട്ട് 20 വർഷമായിക്കാണും. ഒന്നും ചെയ്യാൻ പറ്റാത്ത

സ്റ്റേജിലായിരിക്കും ഈ വിഷയം പരിഗണിക്കുന്നത്. കറണ്ട് വിഷയങ്ങളും കെട്ടിക്കിടക്കുന്ന മുഴുവൻ വിഷയങ്ങളും ചർച്ച ചെയ്യാൻ നന്നായി പഠിച്ച് രണ്ട് മൂന്ന് ദിവസം തുടർച്ചയായി സിറ്റിങ് നടത്തിയാൽ മതിയാകും. പി.എ.സി.-യിൽ ഞങ്ങൾ അങ്ങനെയാണ് ചെയ്തിരുന്നത്. ശ്രീ. സണ്ണി ജോസഫ് പി.എ.സി. ചെയർമാൻ ആയിരുന്ന സമയത്തും ഒരുപാട് മാറ്റം കമ്മിറ്റിയിൽ കൊണ്ടുവന്നിട്ടുണ്ട്. എല്ലാ കമ്മിറ്റികളും ഇനിഷ്യേറ്റീവ് എടുത്തുകഴിഞ്ഞാൽ അക്കാര്യങ്ങൾ നന്നായി ചെയ്യാൻ കഴിയും. അങ്ങയുടെ ഭാഗത്തുനിന്നും അക്കാര്യത്തിൽ നല്ലരീതിയിലുള്ള ശ്രമമുണ്ടാകുമെന്ന് എനിക്കുറപ്പുണ്ട്.

(4) സൗദി അറേബ്യയിലുണ്ടായ ഹൂതി ആക്രമണം

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഈ വിഷയം അടിയന്തരചോദ്യത്തിനായി നോട്ടീസ് നൽകിയതായിരുന്നു. അത് സബ്മിഷനായി ലഭിച്ചതിൽ നന്ദി അറിയിക്കുന്നു. ഗവൺമെന്റ് ഓഫ് ഇന്ത്യയെ ഇടപെടുത്തുന്നതിനുവേണ്ടിയാണ് ഈ വിഷയം സഭയിൽ ഉന്നയിക്കുന്നത്. പശ്ചിമേഷ്യയിലെ സംഘർഷം സൗദി അറേബ്യ അടക്കമുള്ള ഗൾഫ് രാജ്യങ്ങളിലേക്കുകൂടി വ്യാപിപ്പിച്ചതോടെ ഇന്ത്യയിലെ

വിശിഷ്യാ കേരളത്തിലെ പ്രവാസി സമൂഹം കടുത്ത ആശങ്കയിലാണ്. സൗദിയിലെ മർമ്മപ്രധാനമായ സ്ഥലങ്ങളിലേക്കുള്ള ഹൂതികളുടെ ആക്രമണം തീർച്ചയായും മലയാളികളുടെ മനസ്സിൽ തീകോരിയിട്ടിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. രണ്ട് ഇന്ത്യക്കാർ കൊല്ലപ്പെടുകയും നിരവധി മലയാളികൾക്ക് പരിക്ക് പറ്റുകയും ചെയ്തിട്ടുണ്ട്. ഒക്ടോബർ 8-ാം തീയതി മുതൽ സൗദി അറേബ്യയിലേക്കുള്ള എല്ലാ വിമാന സർവ്വീസുകളും നിർത്തലാക്കിയതുമൂലം മടങ്ങിവരാൻ സാധിക്കാതെയും റീ എൻട്രി വിസയുടെ കാലാവധി അവസാനിക്കുന്നതിനുമുമ്പ് അവിടേയ്ക്ക് തിരിച്ചെത്താൻ കഴിയാത്തതുൾപ്പെടെ വലിയ പ്രയാസങ്ങൾ പ്രവാസികൾക്കുണ്ടായിട്ടുണ്ട്. മാത്രമല്ല കേരളത്തിലെ സമ്പദ് വ്യവസ്ഥയിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തുന്നത് ഗൾഫ് രാജ്യങ്ങളിലെ മലയാളികളുടെ റെമിറ്റൻസാണെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. കേരളത്തിന്റെ സാമ്പത്തിക വ്യവസ്ഥയെപ്പോലും തകിടം മറിക്കുന്ന വിധത്തിലേക്ക് സൗദി അറേബ്യയിലെ ഹൂതികളുടെ ആക്രമണം മാറിക്കൊണ്ടിരിക്കുന്നു. സൗദി അറേബ്യയിൽ മാത്രം 30 ലക്ഷത്തോളം

ഇന്ത്യക്കാരുണ്ടെന്നും അതിൽ 5 ലക്ഷത്തോളം മലയാളികളാണെന്നുമാണ് പറയപ്പെടുന്നത്. ഇതോടൊപ്പം ഒരു കാര്യംകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. കേരളത്തിൽ നിന്നും എത്ര രാജ്യങ്ങളിൽ എത്ര ആളുകൾ ജോലി ചെയ്യുന്നുവെന്ന കണക്ക് നമ്മുടെ കയ്യിൽ ലഭ്യമല്ല. ഈ സമയത്ത് അതിനുകൂടി ഒരു സാഹചര്യം ഉണ്ടാക്കണമെന്ന് ആനുഷംഗികമായി ഇവിടെ സൂചിപ്പിക്കുകയാണ്. അതോടൊപ്പം അവരുടെ കുടുംബങ്ങളിലുണ്ടാകുന്ന വലിയ അസ്വാസ്ഥ്യം സംബന്ധിച്ചും ചിന്തിക്കേണ്ടതാണ്. ഗൾഫ് മലയാളികൾക്ക് ആവശ്യമായ സഹായം ചെയ്തുകൊടുക്കേണ്ടതുണ്ട്. റിയാദിൽ വച്ച് അപകടം പറ്റിയ തന്റെ ബന്ധുവായ ഒരു പ്രവാസിയെ തിരിച്ചുകൊണ്ടുവരാൻ വേണ്ടി കെ.എം.സി.സി.-യുടെ സഹായം അഭ്യർഥിച്ചുകൊണ്ട് കഴിഞ്ഞ ദിവസം ഒരു മാധ്യമ പ്രവർത്തകൻ എന്നെ സമീപിച്ചിരുന്നു. ഇങ്ങനെയുള്ള ഒരു സാഹചര്യം ഇവിടെ നിലനിൽക്കുന്നുണ്ട്. മലയാളികൾക്ക് വലിയൊരു ആശങ്ക പരത്തുന്ന സന്ദർഭമാണിത്. കൂടാതെ ഫ്ലൈറ്റ് റദ്ദാക്കിയതുമൂലം സൗദിയിൽ എത്താൻ കഴിയാത്ത ആളുകളുമുണ്ട്. അതുപോലെ അവിടെ നിന്നും തിരിച്ചുവരാൻ

കഴിയാത്ത സാഹചര്യവുമുണ്ട്. ഖത്തറിൽ ഇതുപോലുള്ള ഒരവസ്ഥയുണ്ടായപ്പോൾ അന്ന് ഇന്ത്യൻ എമ്പസി ഖത്തറിൽ നിന്നും ബസ് മാർഗം സൗദി അറേബ്യയിലേക്ക് ആളുകളെ എത്തിക്കുകയും അവിടെ നിന്ന് നാട്ടിലേക്ക് തിരിച്ചുവരാനുള്ള സൗകര്യമുണ്ടാക്കുകയും ചെയ്ത സാഹചര്യവും ഉണ്ടായിട്ടുണ്ട്. ഇങ്ങനെയുള്ള ഒരു ഘട്ടത്തിൽ വിമാനക്കമ്പനികൾ ടിക്കറ്റിന് ചാർജ് വർധിപ്പിച്ചുകൊണ്ട് പ്രവാസികളെ ചൂഷണം ചെയ്യുന്ന ഒരു അവസ്ഥകൂടി ഇവിടെയുണ്ട്. ഇതുപോലെയൊരു വലിയ ആശങ്ക നിലനിൽക്കുന്ന സന്ദർഭത്തിൽ, സത്യത്തിൽ ഇന്ത്യാ ഗവൺമെന്റ് നോക്കി നിൽക്കുന്ന ഒരു അവസ്ഥയാണുള്ളത്. ഇതുപോലുള്ള എല്ലാ ഘട്ടങ്ങളിലും ഇന്ത്യാ ഗവൺമെന്റ് ഇടപെട്ടിട്ടുണ്ട്. ഇന്ത്യക്കൊരു നിലപാടുണ്ടായിരുന്നു. എന്നാൽ ഇന്ന് ഇന്ത്യയുടെ നിലപാട് നഷ്ടപ്പെടുന്ന ഒരു സാഹചര്യമാണുള്ളത്. നമ്മുടെ രാജ്യത്തെ ഈയൊരു അവസ്ഥാവിശേഷത്തെ, പ്രത്യേകിച്ച് മലയാളികളുടെയും പ്രവാസികളുടെയും ആശങ്ക പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ നോർക്ക മുഖേന

ഇടപെടുകയും കേന്ദ്രസർക്കാരിനെ ഇക്കാര്യത്തിൽ ഇടപെടുത്തുവാൻവേണ്ട ശ്രമങ്ങളുണ്ടാകണമെന്നും വളരെ വിനയത്തോടുകൂടി അഭ്യർഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഇസ്രായേൽ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ സൗദി അറേബ്യയിലും അതിന് മുമ്പ് ഇറാൻ-അമേരിക്ക യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ഗൾഫ് മേഖലയിലും ഒരു സംഘർഷം നിലിൽക്കുന്നുണ്ട്. നിലവിലെ സംഘർഷത്തിൽ സൗദി അറേബ്യയിലാണ് ഏറ്റവും കൂടുതൽ പ്രശ്നങ്ങളുണ്ടായത്. ഒരു അരക്ഷിത ബോധം എല്ലാവർക്കുമുണ്ടായിട്ടുണ്ട്. പ്രവാസി മലയാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും അവർക്കും കുടുബാംഗങ്ങൾക്കും അടിയന്തര സഹായവും കൃത്യമായ വിവരങ്ങൾ ലഭിക്കുന്നതിനുമായി ഈ സർക്കാർ അടിയന്തരമായ ഇടപെടൽ നടത്തിയിട്ടുണ്ട്. ഇപ്പോൾ ഉദാഹരണത്തിന് സൗദി അറേബ്യയിലെ കേരളീയരായ പ്രവാസികൾക്കും കുടുംബാംഗങ്ങൾക്കും അടിയന്തര സഹായവും സേവനവും ലഭ്യമാക്കുന്നതിനായി 14-10-2026-ന് നോർക്കയുടെ ഹെൽപ് ഡെസ്ക് അവിടെ ആരംഭിച്ചിട്ടുണ്ട്. പ്രവാസികളുടെ ആശങ്കകൾ പരിഹരിക്കുക, അടിയന്തര സഹായം ആവശ്യമായവരുടെ

വിവരങ്ങൾ ശേഖരിക്കുക, ബന്ധപ്പെട്ട അധികാരികളുമായി ഏകോപനം നടത്തി ആവശ്യമായ സഹായം ലഭ്യമാക്കുക എന്നതാണ് ഈ സംവിധാനത്തിന്റെ ലക്ഷ്യം. ഇതിനായി നോർക്ക റൂട്ട്സ് ഹെൽപ് ലൈൻ സംവിധാനങ്ങളും ആരംഭിച്ചിട്ടുണ്ട്. പ്രവാസികൾക്കും അവരുടെ കുടുംബങ്ങൾക്കും നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ നമ്പറുകൾ അറിയിച്ചിട്ടുണ്ടെങ്കിലും പരസ്യമായി ആ നമ്പരുകൾ പബ്ലിഷ് ചെയ്തിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ പ്രവാസികൾക്ക് അടിയന്തര സഹായം, യാത്ര സംബന്ധമായ വിവരങ്ങൾ, നിലവിലെ സാഹചര്യം സംബന്ധിച്ച മാർഗനിർദേശങ്ങൾ എന്നിവ തേടാവുന്നതാണ്. വിദേശകാര്യ വകുപ്പുമായി ബന്ധപ്പെട്ട് അവിടെ ഇന്ത്യൻ എംബസിയിൽ ചില സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. റിയാദിലെ ഇന്ത്യൻ എംബസിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം ആരംഭിച്ചിട്ടുണ്ട്, അതിന്റെ നമ്പരുകൾ ഇവിടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതുപോലെ ജിദ്ദയിലെ ഇന്ത്യൻ കൗൺസുലേറ്റ് ജനറൽ ഓഫീസിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം തുടങ്ങിയിട്ടുണ്ട്. പ്രവാസികൾക്ക് ആവശ്യമായ

സാഹചര്യങ്ങളിൽ ഈ സംവിധാനങ്ങളുമായി നേരിട്ട് ബന്ധപ്പെടാവുന്നതാണ്. വിമാന സർവീസുകൾ, യാത്രാ തടസങ്ങൾ, അടിയന്തര സഹായം എന്നിവ സംബന്ധിച്ച ഏറ്റവും പുതിയ വിവരങ്ങൾക്കായി ഇന്ത്യൻ എംബസിയുടെയും കോൺസുലേറ്റിന്റെയും വെബ്സൈറ്റുകളും സാമൂഹിക മാധ്യമ അക്കൗണ്ടുകളും പിന്തുടരാനും നിർദേശിച്ചിട്ടുണ്ട്. പ്രവാസി സംഘടനകളുമായി ആശയവിനിമയം നടത്താനുള്ള നടപടിയും നോർക്ക സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നോർക്ക സൗദി അറേബ്യയിലെ പ്രവാസികളുമായും പ്രവാസി സംഘടന പ്രതിനിധികളുമായും 24-ാം തീയതി ഇന്ത്യൻ സമയം രാത്രി 9 മണിക്ക് ഓൺലൈൻ യോഗം നടത്തുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രവാസി സംഘടനകളിൽനിന്നും ലഭിച്ച വിവരങ്ങൾ അടിസ്ഥാനമാക്കി അവർ നേരിടുന്ന പ്രശ്നങ്ങൾ തിരിച്ചറിയുകയും ആവശ്യമായ സഹായങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നതാണ്. വിമാന സർവീസുകൾ തടസപ്പെട്ടതിനെ തുടർന്ന് സൗദി അറേബ്യയിൽ തുടരേണ്ടിവരുന്ന സന്ദർശക/ടൂറിസ്റ്റ്/ഉംറ/ബിസിനസ് വിസക്കാർക്ക് പിഴ

ഇല്ലാതെ രാജ്യം വിടാൻ അനുമതി നൽകുമെന്ന് സൗദി അധികൃതർ പ്രഖ്യാപിച്ചിട്ടുണ്ട്. നമ്മുടെ കൂടി ഇടപെടൽകൊണ്ടാണ് അങ്ങനെ പ്രഖ്യാപിച്ചിരിക്കുന്നത്. വിമാന സർവീസുകൾ ലഭ്യമാകുന്നമുറയ്ക്ക് വിസാ നടപടിക്രമങ്ങൾ പാലിച്ച് മടങ്ങാനുള്ള ക്രമീകരണങ്ങൾ സ്വീകരിക്കാൻ പറഞ്ഞിട്ടുണ്ട്. അങ്ങ് സൂചിപ്പിച്ചതുപോലെ മടങ്ങേണ്ടവർക്ക് വിസാ വ്യവസ്ഥകളും യാത്രാ നിബന്ധനകളും പാലിച്ചുകൊണ്ട് ഖത്തർ, ബഹ്റൈൻ തുടങ്ങിയ അയൽ ഗൾഫ് രാജ്യങ്ങളുടെ വിമാനത്തവാളങ്ങൾ വഴിയുള്ള യാത്രാ സാധ്യതകളും ഉറപ്പുവരുത്തിയിട്ടുണ്ട്. സൗദി അറേബ്യയിലെയും മറ്റ് ഗൾഫ് രാജ്യങ്ങളിലെയും പ്രവാസി സംഘടനകളുമായി ആശയ വിനിമയം നടത്തി അവിടത്തെ സാഹചര്യം വിലയിരുത്തുന്നതിനും അടിയന്തരമായി ഇടപെടേണ്ട വിഷയങ്ങൾ തിരിച്ചറിയുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നോർക്ക അതിൽ ഇടപെട്ടിട്ടുണ്ട്. ഡൽഹിയിലെ സംസ്ഥാന സർക്കാർ സംവിധാനം കേന്ദ്ര വിദേശകാര്യവകുപ്പുമായും സൗദിയിലെ എംബസിയുമായും കൗൺസുലേറ്റ് ജനറൽ ഓഫീസുമായും നിരന്തരമായി

ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഏത് സിംഗിൾ വിഷയം വന്നാലും ആരുടെ പ്രശ്നം വന്നാലും അതിൽ ഇടപെടാനുള്ള മെക്കാനിസം നമ്മൾ ഉണ്ടാക്കിയിട്ടുണ്ട്. ജനപ്രതിനിധികളുടെ അടുത്തായിരിക്കും സ്വഭാവികമായിട്ടും ഇത്തരം പരാതികൾ വരുന്നത്. ആ പരാതികൾ നോർക്കയിൽ അറിയിച്ചാൽ അപ്പോൾതന്നെ അത് പരിഹരിക്കുന്നതിനുള്ള സംവിധാനം കൂടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന് ഞാൻ സഭയ്ക്ക് ഉറപ്പുനൽകുകയാണ്.

(5) പുനരുദ്ധാരണ പദ്ധതികൾ അനുവദിക്കൽ

ശ്രീ. സജീവ് ജോസഫ്: സർ, ഇക്കഴിഞ്ഞ ആഗസ്റ്റ് ആദ്യമുണ്ടായിട്ടുള്ള പ്രകൃതി ക്ഷോഭത്തിൽ സംസ്ഥാനത്തെ ചില മലയോര മേഖലകളിൽ 2018-ന് സമാനമായിട്ടുള്ള നാശനഷ്ടങ്ങളും കെടുതികളുമാണ് ഉണ്ടായത്. ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഉദയഗിരി, പയ്യാവൂർ തുടങ്ങിയ പഞ്ചായത്തുകളിലെ നഷ്ടം വളരെ ഭീമമാണ്. വലിയ നാശനഷ്ടങ്ങളാണ് ഇവിടെയുണ്ടായിട്ടുള്ളത്. ഉദയഗിരി പഞ്ചായത്തിൽ 28 സ്ഥലത്ത് ഉരുൾപൊട്ടുകയും അതുപോലെ 46 ഗ്രാമീണ റോഡുകൾ

തകരുകയും ചെയ്തു. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുൾപ്പെടെ തകർന്നിരിക്കുകയാണ്. നിരവധി വീടുകൾ തകർന്നു. അതുപോലെ നിരവധി വീടുകൾ താമസയോഗ്യമല്ലാതായി മാറിയിരിക്കുന്നു. പാലങ്ങളും കലുങ്കുകളും തകർന്നിരിക്കുകയാണ്. പുഴയോര സംരക്ഷണ ഭിത്തികൾ തകർന്നിരിക്കുകയാണ്. കൃഷിഭൂമി നഷ്ടമായിരിക്കുകയാണ്. അപ്പോൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അതിവിസ്തൃതമായ ഒരു പഞ്ചായത്തിന് ഈ ദുരന്തത്തിന്റെ ആഘാതം മറികടക്കാൻ സാധിക്കാത്ത സാഹചര്യമാണ്. അതുപോലെ പയ്യാവൂർ പഞ്ചായത്തിലെ രണ്ട് പാലങ്ങൾ പൂർണ്ണമായി തകരുകയും 2 പാലങ്ങൾ ഭാഗികമായി തകരുകയും ചെയ്തു. ഇവിടെയെല്ലാം ഗതാഗതം ഇപ്പോൾ തടസപ്പെട്ടിരിക്കുകയാണ്. ഫ്ലഡ് സ്കീമിലോ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലോ ഉൾപ്പെടുത്തി ഇത് പരിഹരിക്കാൻ സാധിക്കാത്തതിനാലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു സ്പെഷ്യൽ പാക്കേജ് അഭ്യർഥിച്ചത്. പൊതുമരാമത്ത്, ഇറിഗേഷൻ, തദ്ദേശസ്വയംഭരണം ഉൾപ്പെടെ മറ്റ് വകുപ്പുകളുടെയെല്ലാം നിർമ്മിതികൾക്ക്

നഷ്ടമുണ്ടായിട്ടുണ്ട്. നിരവധി വർഷങ്ങളിലെ പദ്ധതികളിലും വിവിധ സ്കീമുകളിലും നിർമ്മിച്ചിരിക്കുന്ന പദ്ധതികളാണ് ഇല്ലാതായിരിക്കുന്നത്. സ്പെഷ്യൽ പാക്കേജ് ഇല്ലെങ്കിലും അവിടെ ഉണ്ടായ നഷ്ടം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉറപ്പ് നൽകിയിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയം നേരിട്ട് അന്വേഷിച്ച് ഇക്കാര്യങ്ങൾ വിലയിരുത്തുന്നതിനെയെല്ലാം നന്ദിയോടെ ഓർക്കുകയാണ്. ഇക്കാര്യത്തിലുണ്ടായ നഷ്ടം പരിഹരിക്കാൻ നടപടിയുണ്ടാകണം. അതിൽ ഒരു നിർദ്ദേശമുണ്ട്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് OTRS (One time renovation scheme) ഉണ്ടായിരുന്നു. ആ മാതൃകയിൽ പഞ്ചായത്തിനോ പ്രദേശിക സംവിധാനങ്ങൾക്കോ പരിഹരിക്കാൻ കഴിയാത്ത രീതിയിൽ നാശനഷ്ടങ്ങളുണ്ടായ സ്ഥലങ്ങളിലെങ്കിലും പ്രസ്തുത സ്കീം നടപ്പാക്കി പ്രവൃത്തികൾ സമയബന്ധിതമായും വേഗത്തിലും പൂർത്തിയാക്കാനുള്ള പ്രത്യേക ഇടപെടലുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനും പ്രകൃതി ദുരന്തങ്ങളെ ഫലപ്രദമായി നേരിടുന്നതിനും സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചുവരികയാണ്. ബഹുമാനപ്പെട്ട അംഗത്തിന്റെ നിയോജകമണ്ഡലത്തിലെ ചില പഞ്ചായത്തുകളിൽ വ്യാപകമായ നാശനഷ്ടങ്ങളുണ്ടായി എന്നത് യഥാർഥ്യമാണ്. കാലവർഷക്കെടുതിയിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് അനുവദിക്കുന്ന ധനസഹായം 4 ലക്ഷം രൂപയിൽനിന്നും 6 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള രണ്ട് ലക്ഷം രൂപയുടെ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്. മരണപ്പെട്ടവരുടെ ശവസംസ്കാര ചടങ്ങുകൾക്കായി ഓരോ കുടുംബത്തിനും 10,000/- രൂപയും പ്രളയബാധിത വീടുകൾ വൃത്തിയാക്കുന്നതിനായി അർഹരായ കുടുംബങ്ങൾക്ക് 10,000/- രൂപയും അടിയന്തര സഹായമായി അനുവദിച്ചിട്ടുണ്ട്. പ്രളയ ജലം കയറി ദുരന്തബാധിതരായ കുടുംബങ്ങൾക്ക് 7

ദിവസത്തേയ്ക്ക് റേഷൻ കാർഡ് ഒന്നിന് പ്രതിദിനം 300/- രൂപ നിരക്കിൽ ആശ്വാസ ധനസഹായം അനുവദിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രളയബാധിതരായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യാപാരികൾക്ക് 10,000/- രൂപ അടിയന്തര സഹായം അനുവദിക്കുന്നതിനും "ഉജ്ജീവനം വായ്പ പദ്ധതി" 2026-ലെ കാലവർഷക്കെടുതിക്ക് ഇരയായ വ്യാപാരികൾക്ക് ബാധകമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വീടുകളുടെ പുനർനിർമ്മാണത്തിനുള്ള സഹായത്തിലും വർധന വരുത്തിയിട്ടുണ്ട്.

ആഗസ്റ്റ് 06-ാംതീയതിയിലെ ഉത്തരവുപ്രകാരം പ്രകൃതിക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിനുള്ള സഹായം 10 ലക്ഷം രൂപയിൽനിന്നും 12 ലക്ഷം രൂപയായി വർധിപ്പിച്ചു. പൂർണ്ണമായും തകർന്ന വീടിന് 4 ലക്ഷം രൂപയാണ് നൽകിയിരുന്നത്, അത് 6 ലക്ഷം രൂപയാക്കി വർധിപ്പിച്ചിട്ടുണ്ട്. പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച റോഡുകൾ, പാലങ്ങൾ, ആശുപത്രികൾ, സ്കൂളുകൾ തുടങ്ങിയ പൊതു അടിസ്ഥാന സൗകര്യങ്ങളുടെ പുനഃസ്ഥാപനത്തിന് എസ്.ഡി.ആർ.എഫ്. മാനദണ്ഡങ്ങൾ അനുസരിച്ച് സഹായം

അനുവദിച്ചുവരുന്നു. കൂടുതൽ ദുരന്തങ്ങളുണ്ടായ സ്ഥലത്ത് ബന്ധപ്പെട്ട വകുപ്പുകളോ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളോ സമർപ്പിക്കുന്ന ദുരന്ത ലഘൂകരണ പദ്ധതികൾ അപ്രൈസൽ കമ്മിറ്റി പരിശോധിച്ച് അംഗീകാരം നൽകുന്നതായിരിക്കും. ബഹുമാനപ്പെട്ട അംഗം നിർദേശിച്ചതുപോലെ ഏറ്റവും കൂടുതൽ ദുരന്തമുണ്ടായ സ്ഥലത്ത് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ആ പ്രദേശത്തുണ്ടായിരിക്കുന്ന, അദ്ദേഹം ഇവിടെ സൂചിപ്പിച്ചതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ എം.എൽ.എ.-മാർക്കോ സാധിക്കാത്തത്, അതായത് പാലങ്ങൾ തകർന്നിട്ടുണ്ടാകാം അതെല്ലാം പ്രത്യേക പ്രോജക്ടുകളായി നൽകിയാൽ ഒരു സ്പെഷ്യൽ പാക്കേജ് ആയി പരിഗണിച്ച് ആ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാം. എല്ലാവരും സ്പെഷ്യൽ പാക്കേജ് വേണമെന്ന് പറയരുത്. പാലങ്ങൾ ഉൾപ്പെടെ തകർന്ന, ഏറ്റവും കൂടുതൽ നാശനഷ്ടങ്ങളുണ്ടായ സ്ഥലത്ത്, അത് എവിടെ ആയാലും ഗൗരവമായി പരിഗണിക്കാം. കാരണം ആ പ്രദേശത്തെ പൂർവ്വ സ്ഥിതിയിലേയ്ക്ക് എത്തിക്കുകയെന്നത് സർക്കാരിന്റെ

ഉത്തരവാദിത്വമാണ്. സർക്കാർ അത് ചെയ്യും. ഇരിക്കൂറിൽ ഉണ്ടായിരിക്കുന്ന ദുരന്തം പരിഹരിക്കാനുള്ള ശക്തമായ നടപടികൾ ആ റിപ്പോർട്ട് ലഭിച്ചാലുടൻതന്നെ ഒരു പാക്കേജായി പരിഗണിച്ച് അതിനുള്ള പരിഹാരം തീർച്ചയായും സ്വീകരിക്കും.

(6) <u>സുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പാക്കി തുരങ്ക പാത നിർമ്മാണം പുനഃരാരംഭിക്കൽ</u>

<u>ശ്രീ. സി. കെ. കാസിം</u>: സർ, കോഴിക്കോട് വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്നതും താമരശ്ശേരി ചുരത്തിന് ഒരു പ്രധാന ബദൽ ഗതാഗത മാർഗവുമായി വിഭാവന ചെയ്തിട്ടുള്ള പദ്ധതിയാണ് ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി ഇരട്ട തുരങ്കപാത. കേരളത്തിന്റെ ഗതാഗത വികസനത്തിന് ഏറെ പ്രാധാന്യമുള്ള പദ്ധതിയാണിത്. ഏകദേശം 8.73 കി.മീ. ദൂരത്തിലുള്ള രണ്ട് തുരങ്കങ്ങളാണ് പ്രസ്തുത പദ്ധതിയുടെ ഭാഗമായി നിർമ്മിക്കാനുണ്ടായിരുന്നത്. എന്നാൽ ഇക്കഴിഞ്ഞ ജൂലൈ മാസം 7-ാം തുരങ്കം ആരംഭിക്കുന്ന മേപ്പാടി ഭാഗത്തുണ്ടായ മണ്ണിടിച്ചിലിൽ എട്ടോളം ജീവനുകൾ നഷ്ടപ്പെട്ട സംഭവത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും അടിയന്തര ഇടപെടലുകളും ഡിസാസ്റ്റർ മാനേജ്മെന്റിന്റെ

ഭാഗത്തുനിന്നും വളരെ നല്ലരീതിയിലുള്ള പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. തുരങ്കപാതയുമായി ബന്ധപ്പെട്ട് മണ്ണിടിച്ചിൽ ഉണ്ടായതിന്റെ കാരണങ്ങൾ കണ്ടെത്തുന്നതിനും തുടർപ്രവർത്തനങ്ങൾക്കുവേണ്ടിയും സർക്കാർ ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുകയും ടി സമിതിയുടെ നിർദേശങ്ങൾകൂടി പരിഗണിച്ചുകൊണ്ട് തുരങ്കപാത അനിവാര്യമാണെന്ന തിരിച്ചറിവിന്റെ ഭാഗമായി ഇവിടെ നിർമ്മാണം നടത്തേണ്ടതുണ്ട്. തുരങ്കപാത നിർമ്മിക്കണമെന്നുള്ള ആഗ്രഹത്തിന് നിരവധി വർഷങ്ങളുടെ പഴക്കമുണ്ട്, താമരശ്ശേരി ചുരത്തിന് ബദൽപാതയെന്ന ആശയം മലയോര കുടിയേറ്റ ജനതയുടെ മനസ്സിലുയർന്നപ്പോൾ പൂർവികരായ കർഷക കാരണവന്മാരും ഏറ്റവും കൂടുതൽ ആഗ്രഹിച്ച കാര്യമാണിത്. ഈ പദ്ധതി കഴിഞ്ഞ ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കെ. എം. മാണി 2014-15-ലെ ബജറ്റ് പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിരുന്നു. അന്നത്തെ പ്രവർത്തനങ്ങളുടെ തുടർച്ചയായാണ് പിന്നീട് അധികാരത്തിലെത്തിയ ഗവൺമെന്റുകൾ

തുടർപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയും അവിടേക്ക് ഏറ്റവും അനുയോജ്യമായി തുരങ്കപാത പദ്ധതി കൊണ്ടുവരികയും ചെയ്തത്. പ്രത്യേകിച്ച് വനഭൂമിയുടെ ലഭ്യത സുഗമമമാക്കുന്നതിന് ഒരു ടണൽ പദ്ധതിയെന്ന ആശയത്തിന്റെ ഭാഗമായാണ് തുരങ്കപാത പദ്ധതി വിഭാവനം ചെയ്ത് പ്രവൃത്തി ആരംഭിച്ചത്. എന്നാൽ മേപ്പാടിയിലുണ്ടായ അപകടത്തിനുശേഷം വിദഗ്ധസമിതി പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കി അടിയന്തരമായി തുടർപ്രവർത്തനങ്ങൾ നടത്തേണ്ടത് ഈ മേഖലയ്ക്ക് വളരെ അത്യാവശ്യമാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. ഐ. സി. ബാലകൃഷ്ണൻ സൂചിപ്പിച്ചതുപോലെ കോഴിക്കോട്-കൊല്ലങ്കൽ NH 766 കടന്നുപോകുന്നത് താമരശ്ശേരി ചുരത്തിലൂടെയാണ്. ദിവസവും ഏകദേശം നാലുംഅഞ്ചും മണിക്കൂറുകളോളം ട്രാഫിക് ബ്ലോക്കാണ്. പലപ്പോഴും രോഗികളുമായി പോകുന്ന ആംബുലൻസും മറ്റ് അവശ്യ സംവിധാനങ്ങളും ഗതാഗതക്കുരുക്കിൽപ്പെടുകയാണ്. ഇതിന് പരിഹാരമുണ്ടാക്കുന്നതിനുള്ള ബദൽ സംവിധാനമായി ആരംഭിച്ചിട്ടുള്ള തുരങ്കപാത പദ്ധതിയാണിത്. ടി പദ്ധതിയുടെ പോരായ്മയും പ്രശ്നങ്ങളും ആവശ്യമായ മുൻകരുതലുകളും സുരക്ഷാ

മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് പ്രവൃത്തി ആരംഭിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സർക്കാരിന്റെ ഇടപെടലുകളുണ്ടാകണമെന്നും അഭ്യർഥിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നാവിൻതുമ്പിൽനിന്നും ഈ വിഷയത്തിന് മറുപടി ലഭ്യമാകുന്നത് അദ്ദേഹത്തിനെതിരെയുണ്ടായ ചില ആരോപണങ്ങൾക്കും കുപ്രചരണങ്ങൾക്കും ഒരു പരിഹാരമാകുമെന്നുള്ളതുകൊണ്ടാണ് അദ്ദേഹത്തിനുമുന്നിൽ ഈ സബ്മിഷൻ അവതരിപ്പിച്ചത്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, കോഴിക്കോട് വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന താമരശ്ശേരി ചുരത്തിന് ബദലായി വിഭാവന ചെയ്തിട്ടുള്ള തുരങ്കപാത പ്രധാനപ്പെട്ട ഒരു പദ്ധതിയാണ്. തിരഞ്ഞെടുപ്പിനുമുമ്പ് പ്രതിപക്ഷനേതാവായിരിക്കുന്ന സമയത്ത് ഈ പദ്ധതിക്ക് ഞാൻ എതിരാണെന്ന വ്യാപകമായ പ്രചരണമാണുണ്ടായത്. ഞാൻ ഈ പദ്ധതിക്ക് എതിരല്ല, എന്നാൽ ആവശ്യമായ Environment impact study നടത്താതെ ടി പദ്ധതി നടപ്പാക്കരുതെന്നാണ് ഞാൻ

പറഞ്ഞത്. കാരണം, ഈ സ്ഥലം വളരെ സെൻസിറ്റീവായ മേഖലയാണ്, അവിടത്തെ മണ്ണ് വളരെ fragile ആണ്. അവിടത്തെ മണ്ണിന് വലിയരീതിയിലുള്ള ആഘാതമുണ്ടായാൽ അതിതീവ്ര മഴയുണ്ടാകുമ്പോൾ ഇപ്പോൾ ഉണ്ടായതുപോലെയുള്ള landslide, landslip എന്നിവയ്ക്ക് സാധ്യതയുണ്ടെന്ന് മുൻകൂട്ടി പറഞ്ഞതാണ്. സത്യത്തിൽ എല്ലാവരും ചേർന്ന് ആക്രമിച്ചപ്പോൾ അന്ന് ഞാൻ ഒറ്റപ്പെടുകയാണുണ്ടായത്. തുരങ്കപാത വേണ്ടെന്നല്ല, Environment impact study നടത്തണമെന്ന് മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളൂ, study നടത്താതെ തുരങ്കപാത നടപ്പാക്കാൻ സമ്മതിക്കുകയില്ലെന്നാണ് പറഞ്ഞത്. എന്തായാലും തുരങ്കപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2025 ആഗസ്റ്റിൽ ആരംഭിച്ചു. പക്ഷേ 2026 ജൂലൈ മാസം കള്ളാടി തുരങ്കപാത മേഖലയിലുണ്ടായ മണ്ണിടിച്ചിലിലൂടെ വലിയ ദുരന്തമുണ്ടായി. നിർമ്മാണ പ്രവർത്തനങ്ങൾ സുരക്ഷിതമായി നടത്തുന്നതിനും അപകട സാധ്യതകൾ കുറയ്ക്കുന്നതിനുമാവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കേണ്ടതും ഗവൺമെന്റിന്റെ ബാധ്യതയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഇതിനായി ഒരു

വിദഗ്ധ സമിതിയെ നിയോഗിച്ചിരിക്കുകയാണ്. മണ്ണിടിച്ചിലിനുള്ള സാധ്യതകൾ, ചരിവുകളുടെ സ്ഥിരത, ഭൂഗർഭ ജലത്തിന്റെ സാന്നിധ്യം, മഴയുടെ സ്വാധീനം, നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രത്യാഘാതങ്ങൾ എന്നിവ ശാസ്ത്രീയമായി വിലയിരുത്തുന്നതിനും ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുടെയും സാങ്കേതിക വിദഗ്ധരുടെയും സേവനം അനിവാര്യമാണ്. അവിടെ എങ്ങനെയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതെന്ന് അറിയണ്ടേ; അതിനായി ഏതെങ്കിലും സൂപ്പർവൈസിങ് ഏജൻസിയെങ്കിലും വേണ്ടേ? PWD-യെപ്പോലും ഇതിനായി ചുമതലപ്പെടുത്തിയിട്ടില്ല. ഒരു സൂപ്പർവൈസിങ് ഏജൻസിയില്ലാത്തതിനാൽ അവർക്ക് തോന്നിയതുപോലെ നിർമ്മാണം നടത്തുകയാണ്, അത് അനുവദിക്കാൻ സാധിക്കില്ല. കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം നൽകിയിരിക്കുന്ന അനുമതിയിലെ വ്യവസ്ഥകൾ പ്രകാരം അവിടെ പ്രവർത്തനങ്ങൾ നടത്തണം. തുരങ്കപാത നിർമ്മാണവുമായി ബന്ധപ്പെട്ട വിദഗ്ധ സമിതി പലപ്രാവശ്യം യോഗങ്ങൾ ചേരുകയുണ്ടായി. കൊങ്കൺ റെയിൽവേ

കോർപ്പറേഷൻ ലിമിറ്റഡ് (KRCL) എന്ന സ്ഥാപനമാണ് പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നതെങ്കിലും സബ് കോൺട്രാക്ടേഴ്സാണ് പ്രവൃത്തി ചെയ്യുന്നത്. പ്രസ്തുത സ്ഥാപനത്തിൽനിന്നും പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായ നിരവധി റിപ്പോർട്ടുകൾ വിദഗ്ധ സമിതി ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത റിപ്പോർട്ടുകൾ അവർ സമയബന്ധിതമായി ലഭ്യമാക്കാത്തതിനാലാണ് വിദഗ്ധ സമിതിയുടെ റിപ്പോർട്ട് വരാൻ വൈകുന്നത്. ഇന്ന് കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡിന്റെയും വിദഗ്ധ സമിതിയുടെയും യോഗം ചേരാൻ തീരുമാനിച്ചിട്ടുണ്ട്. KRCL-ൽനിന്നും റിപ്പോർട്ട് ലഭ്യമായാൽ എത്രയുംവേഗം വിദഗ്ധ സമിതിയുടെ റിപ്പോർട്ടും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രചരിപ്പിക്കപ്പെടുന്നതുപോലെ തുരങ്കപാതയുടെ നിർമ്മാണം ഇതോടുകൂടി അവസാനിപ്പിക്കണമെന്നതല്ല ഗവൺമെന്റിന്റെ നിലപാട്. ഇനിയുള്ള നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്ന സമയത്ത് ഒരപകടമുണ്ടായാൽ അതിന്റെ ഉത്തരവാദിത്വം ഗവൺമെന്റിനാണ്, ഒരപകടമുണ്ടായിട്ടും ഗവൺമെന്റ് ശ്രദ്ധിക്കാതെ വീണ്ടും അവിടെ പ്രവർത്തനങ്ങൾ നടത്താൻ

അനുമതി നൽകിയെന്ന് പറയാൻ പാടില്ല. അതുകൊണ്ട് ആവശ്യമായ മുൻകരുതലുകളെടുത്തും അപകട സാധ്യത തീരെയില്ലാതാക്കിക്കൊണ്ടും വിദഗ്ധ സമിതി ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ തീരുമാനമെടുക്കുന്നതാണ്. കാലതാമസം വരുത്താതെ എത്രയുംവേഗം റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കാലതാമസമുണ്ടായത് വിദഗ്ധ സമിതിയുടെ ഭാഗത്തുനിന്നല്ല, കോൺട്രാക്ടേഴ്സിന്റെ ഭാഗത്തുനിന്നാണ്. പാരിസ്ഥിതിക അനുമതിയിലെ കണ്ടീഷൻസ് എന്താണെന്നുള്ള റിപ്പോർട്ടനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി ഒരു അപകടവുമില്ലാതെ തുരങ്കപാത യാഥാർഥ്യമാക്കുന്നതിനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭ്യമായാലുടൻ ഈ വിഷയത്തിൽ തീരുമാനമെടുക്കുമെന്ന് ഞാൻ സഭയെ അറിയിക്കുകയാണ്.

(7) ചേരാനല്ലൂർ വാഹനാപകടം സംബന്ധിച്ച അന്വേഷണത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി

ശ്രീ. ടി. ജെ. വിനോദ്: സർ, ചേരാനല്ലൂർ ചിറ്റൂർ അമ്പലത്തിനുസമീപം വർഷങ്ങളായി തട്ടുകട നടത്തിയിരുന്ന ജയബാലകൃഷ്ണൻ എന്ന 56

വയസ്സുകാരൻ കട പൂട്ടി വീട്ടിലേക്ക് പോകുന്നവഴി കണ്ടെയ്നർ റോഡിൽ മാരാപറമ്പ് ക്ഷേത്രത്തിനുസമീപം വാഹനമിടിച്ച് ദാരുണമായി കൊല ചെയ്യപ്പെട്ട വിഷയം ഈ സഭ പല പ്രാവശ്യം ചർച്ച ചെയ്തതാണ്. അപകടമുണ്ടായതും കൊല ചെയ്യപ്പെട്ട ജയബാലകൃഷ്ണൻ താമസിച്ചിരുന്നതും എന്റെ നിയോജകമണ്ഡലത്തിലാണ്. പ്രായപൂർത്തിയാകാത്ത വ്യക്തി അലക്ഷ്യമായി അമിതവേഗത്തിൽ വാഹനമോടിച്ചതിനെത്തുടർന്നാണ് കുടുംബത്തിന്റെ അത്താണിയായിരുന്ന ജയബാലകൃഷ്ണൻ എന്ന 56-കാരൻ ദാരുണമായി കൊല ചെയ്യപ്പെട്ടത്. ഈ സംഭവം ഒരു വാഹനാപകടമായി നമുക്ക് കണക്കാക്കാൻ സാധിക്കുകയില്ല, ഇതൊരു കൊലപാതകമായിത്തന്നെയാണ് കണക്കാക്കേണ്ടത്. രണ്ടാഴ്ചമുമ്പാണ് എറണാകുളം ജില്ലയിൽ ഇതിന് സമാനമായ മറ്റൊരു അപകടമുണ്ടായത്. കുടുംബത്തിന്റെ പ്രതീക്ഷയായിരുന്ന മൂന്ന് ചെറുപ്പക്കാരാണ് അന്ന് മരണപ്പെട്ടത്. ഈ അപകടമുണ്ടായതും പ്രായപൂർത്തിയാകാത്ത വ്യക്തി വാഹനമോടിച്ചതാണ്. ആഡംബര കാർ അമിതവേഗത്തിൽ ഓടിച്ച് ഇടിച്ചതാണ് ഈ രണ്ട് സംഭവത്തിലെ മരണങ്ങൾക്കും കൊലപാതകത്തിനും

ഇടയാക്കിയത്. ഈ രണ്ട് സംഭവങ്ങളിലും പ്രതിസ്ഥാനത്ത് വരുന്നവർ സമൂഹത്തിലെ ഏറ്റവും സമ്പന്നരായവരും ഇരകളാകുന്നത് സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിൽ പാർശ്വവൽക്കരിക്കപ്പെട്ടവരുമാണ്. കഴിഞ്ഞ ദിവസം മൈസൂരിൽ 14 വയസ്സുള്ള ഒരു വിദ്യാർഥി ഓടിച്ച വാഹനമിടിച്ച് 3 പേർ മരണപ്പെടുകയുണ്ടായി. അന്നത്തെ സംഭവത്തിൽ വാഹനമോടിച്ച വിദ്യാർഥിയുടെ പിതാവിനെതിരെ പോലീസ് കേസെടുത്തതിനെത്തുടർന്ന് വിദ്യാർഥിയുടെ പിതാവ് തനിക്കെതിരെയുള്ള കേസ് റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് കർണാടക ഹൈക്കോടതിയിൽ പെറ്റീഷൻ ഫയൽ ചെയ്യുകയുണ്ടായി. എന്നാൽ ഈ വിഷയത്തിൽ കർണാടക ഹൈക്കോടതി പരാമർശിച്ചത് ഇപ്രകാരമാണ്; "മോട്ടോർ വാഹനത്തിന്റെ സ്റ്റിയറിങ് വീൽ കുട്ടികൾക്ക് കളിക്കാനുള്ള കളിപ്പാട്ടമല്ല, പൊതുനിരത്തുകൾ അവരുടെ വിനോദത്തിനുള്ള മൈതാനവുമല്ല". ഇത്തരമൊരു സാഹചര്യത്തിലേക്ക് നമ്മുടെ ചെറുപ്പക്കാരെ വിട്ടുകൊടുക്കാൻ കഴിയില്ലെന്നതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ചേരാനല്ലൂരിൽ നടന്ന സംഭവം ഏറ്റവും ഗുരുതരമായ ഒരു വിഷയമാണ്. ഇതിൽ കുറ്റക്കാരനായ

പ്രതിയെ പൊലീസ് അറസ്റ്റ് ചെയ്തുവെങ്കിലും കൊല്ലപ്പെട്ട വ്യക്തിയുടെ ചിത കത്തിത്തീരും മുൻപ് അവരെ സ്റ്റേഷൻ ജാമ്യത്തിൽ വിട്ടുവെന്നുള്ളതാണ് ജനങ്ങൾക്കിടയിൽ വലിയ പ്രതിഷേധത്തിന് ഇടയാക്കിയത്. ഞാൻ ആ മരണവീട്ടിൽ പോയ സന്ദർഭത്തിൽ ആ വീട്ടിലുള്ളവർ ഈ വിഷയം പറഞ്ഞപ്പോൾ, ഞാൻ അക്കാര്യം ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. അദ്ദേഹം ആ നിമിഷംതന്നെ അതിലിടപെടുകയും പൊലീസിന് കർശനമായ നിർദ്ദേശം കൊടുക്കുകയും പ്രതിയെ വീണ്ടും അറസ്റ്റ് ചെയ്ത് ജുവനൈൽ ജസ്റ്റിസ് ബോർഡിനു മുൻപാകെ ഹാജരാക്കുകയും ചെയ്തു. മരണപ്പെട്ട വ്യക്തിയുള്ള മക്കൾക്ക്, അച്ഛന്റെ ചിതയൊടുങ്ങുന്നതിനുമുൻപേ നീതിക്കുവേണ്ടി പൊലീസ് സ്റ്റേഷനിൽ വന്ന് സമരം ചെയ്യേണ്ട സാഹചര്യവുമുണ്ടായി. ആ പെൺകുട്ടിയുടെ ദുഃഖം തളം കെട്ടിനിൽക്കുന്ന മുഖം ഇന്നും നമുടെ മനസ്സിൽനിന്ന് മായ്ച്ചുകളയാൻ കഴിയാത്ത സാഹചര്യമാണ്. "എന്റെ അച്ഛൻ ഒരു തട്ടുകടക്കാരനും പ്രതിയുടെ പിതാവ് സാമ്പത്തികമായി ഉന്നമനത്തിലുള്ള വ്യക്തിയും ആയതുകൊണ്ട് രണ്ടുപേർക്ക് രണ്ട് നീതിയാണോ?" എന്ന ചോദ്യമാണ് ആ

കൂട്ടി നമ്മളോടും സമൂഹത്തോടും ചോദിക്കുന്നത്. അതിന് ഉത്തരം കൊടുക്കാൻ നമുക്ക് കഴിയണം എന്നതന്നെയാണ് എനിക്ക് സൂചിപ്പിക്കാനുണ്ട്. ചേരാനല്ലൂർ അപകടത്തിന് ഇരയാക്കിയ ആഡംബര കാർ പ്രായപൂർത്തിയാകാത്ത പ്രതി 104 കിലോമീറ്റർ സ്പീഡിലാണ് ഓടിച്ചതെന്നാണ് പൊലീസ് പറയുന്നത്. അങ്ങനെയെങ്കിൽ ആ വാഹനത്തിന്റെ ആർ.സി. ഓണറായ ആളിനെതിരെ മോട്ടോർ വെഹിക്കിൾസ് ആക്ട്, 1988 അനുസരിച്ചുള്ള നടപടി സർക്കാർ സ്വീകരിക്കേണ്ടതായിരുന്നു. ഒരു പ്രത്യേക പദവി ഒരു ന്യായാധിപന് സംരക്ഷണം നൽകുന്നുവെന്ന രീതിയിലേക്ക് കാര്യങ്ങൾ പോകാൻ കഴിയില്ല. തെറ്റ് ചെയ്യാനും അത് മൂടിവയ്ക്കാനുമുള്ള ലൈസൻസ് അല്ല ജഡ്ജിക്കുള്ളത് എന്ന കാര്യം നാം വിസ്മരിക്കരുത്. അതിനാൽ പ്രസ്തുത വിഷയത്തിൽ കേസ് അന്വേഷിച്ച പൊലീസുകാർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന് സർക്കാർ പരിശോധിക്കുകയും തെറ്റ് പറ്റിയിട്ടുണ്ടെങ്കിൽ അതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യണം. അതോടൊപ്പം ആർ.സി. ഓണറായ പ്രതിയുടെ പിതാവായ

ജഡ്ജിക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാനും സർക്കാർ തയ്യാറാകണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് സൂചിപ്പിക്കാനുള്ളത്.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): മാഡം ഡെപ്യൂട്ടി സ്പീക്കർ, ശ്രീ. എ. സി. മൊയ്തീൻ സഭയിൽ ഉന്നയിച്ച നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിൽ ഞാൻ വിശദമായി കാര്യങ്ങൾ പറഞ്ഞതാണ്. എന്നിരുന്നാലും അവിടത്തെ എം.എൽ.എ. എന്ന നിലയിൽ ശ്രീ. ടി. ജെ. വിനോദ് ഉന്നയിച്ച വിഷയത്തിലെ ചില വസ്തുതകൾ മാത്രം ഞാൻ പറയാം.

ചേരാനല്ലൂർ പൊലീസ് സ്റ്റേഷൻ പരിധിയിൽ 25-10-2026-ന് പുലർച്ചെ 2.20-ഓടെ വല്ലാർപാടം ഭാഗത്തുനിന്ന് കളമശ്ശേരി ഭാഗത്തേയ്ക്ക് അമിതവേഗതയിൽ ഓടിച്ചുവന്ന KL-46-F-0333 നമ്പർ ബെൻസ് കാർ അതേ ദിശയിൽ ഓടിച്ചു പോകുകയായിരുന്ന KL-07-CW-6853 നമ്പർ സ്കൂട്ടറിൽ ഇടിച്ചതിനെത്തുടർന്ന് സ്കൂട്ടർ യാത്രികനായ ചിറ്റൂർ സ്വദേശി ജയബാലകൃഷ്ണൻ മരണപ്പെട്ടിട്ടുള്ളതാണ്. ഇക്കാര്യത്തിൽ ജയബാലകൃഷ്ണന്റെ ബന്ധുവായ അനന്തകൃഷ്ണൻ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ ആ

സമയം KL-46-F-0333 ബെൻസ് കാർ ഓടിച്ച ഡ്രൈവറെ പ്രതി ചേർത്ത് 25-10-2026-ന് രാവിലെ 7.34-ന് ചേരാനല്ലൂർ പൊലീസ് സ്റ്റേഷനിൽ BNS നിയമത്തിലെ 281, 106(1) എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 499/2026 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. അപകടത്തിന് കാരണമായ കാർ ഓടിച്ചിരുന്ന ആലുവ സ്വദേശി പതിനേഴ് വയസ്സുള്ള വ്യക്തിയെ പൊലീസ് കസ്റ്റഡിയിലെടുത്ത് പുലർച്ചെ 5 മണിയോടെ ആലുവ സർക്കാർ ആശുപത്രിയിൽ എത്തിച്ച് മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളതും ടി വ്യക്തിയുടെ രക്തം, മുടി, യൂറിൻ എന്നിവയുടെ സാമ്പിളുകൾ പരിശോധനയ്ക്കായി ശേഖരിച്ചിട്ടുള്ളതുമാണ്. കൂടാതെ വാഹനം ഓടിച്ചിരുന്ന കുട്ടിയുടെ മൊബൈൽ ഫോൺ കേസിന്റെ തെളിവിലേക്കായി ബന്തവസ്സിലെടുക്കുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ കാർ ഓടിച്ചിരുന്ന കുട്ടി പ്രായപൂർത്തിയാകാത്തതിനാൽ ജുവനൈൽ ജസ്റ്റിസ് ആക്ട് 8 പ്രകാരം കുട്ടിയുടെ പിതാവിനൊപ്പം വിട്ടയിച്ചിട്ടുള്ളതാണ്. കാർ ഓടിച്ച കുട്ടിയുടെ മൊബൈൽ ഫോൺ പരിശോധിച്ചതിൽ പ്രസ്തുത ഫോണിന്റെ ക്യാമറ ഗാലറിയിൽ 25-10-2026-ന് പുലർച്ചെ 02.12 മണിക്ക് റെക്കോർഡ്

ചെയ്യപ്പെട്ട വീഡിയോകളിൽ കൃത്യവാഹനത്തിന്റെ സ്പീഡോ മീറ്റർ ഉൾപ്പെടെ ഡാഷ്ബോർഡിന്റെ വീഡിയോ കാണപ്പെട്ടിട്ടുള്ളതും ആയതിൽ 108 KM/Hr റീഡിങ്ങ് കാണിക്കുന്നതായും തത്സമയത്ത് മഴയത്ത് കാറോടിച്ചു പോകുന്നതായും കാണപ്പെടുന്നതാണ്. ആയതിൽനിന്ന് അമിതവേഗതയിൽ വാഹനമോടിച്ചാൽ അപകടമുണ്ടായി ആളപായം വരെ സംഭവിക്കാമെന്നുള്ള അറിവുണ്ടായിട്ടും വീഡിയോ ചിത്രീകരണത്തിനായി നിയമാനുസൃതമായ ലൈസൻസില്ലാതെ 18 വയസ്സിനുതാഴെ പ്രായമുള്ള ടി വ്യക്തി അമിതവേഗതയിൽ മനപൂർവം വാഹനമോടിച്ചതിനാലാണ് അപകടം ഉണ്ടായതെന്ന് ബോധ്യം വന്നതിന്റെ അടിസ്ഥാനത്തിൽ ടി കേസിലെ 281, 106(1) BNS എന്നീ വകുപ്പുകൾ കൂറവുചെയ്ത് 105 BNS ഉൾപ്പെടെ 181, 183 MV Act എന്നീ വകുപ്പുകൾകൂടി കൂട്ടിച്ചേർത്തിട്ടുള്ളതാണ്. തുടർന്ന് പത്തുവർഷം വരെ ശിക്ഷ ലഭിക്കാവുന്ന കുറ്റകരമായ നരഹത്യ വകുപ്പുകൂടി കൂട്ടിചേർത്ത് അന്വേഷണം തുടരുന്നതാണ്. അപകട സമയത്ത് കാറോടിച്ചിരുന്ന കുട്ടിയെ ജുവനൈൻ ജസ്റ്റിസ് കോടതിയിൽ ഹാജരാക്കുന്നതിനായി കുട്ടിയുടെ പിതാവിനെ അറിയിക്കുകയും

Submission

അപ്രിഹൻഷൻ റിപ്പോർട്ട് സഹിതം ജുവനൈൽ ജസ്റ്റിസ് കോടതിയിൽ 25-10-2026-ന് ഹാജരാക്കിയ കുട്ടിയെ കോടതി ജാമ്യത്തിൽ പിതാവിനോടൊപ്പം വിട്ടയച്ചിട്ടുള്ളതുമാണ്. ഈ കൃത്യത്തിന് കാരണമായ KL-46-F-0333 നമ്പർ ബെൻസ് കാറിന്റെ ആർ.സി. വിവരങ്ങൾ പരിശോധിച്ചതിൽ പ്രസ്തുത വാഹനത്തിന്റെ ആർ.സി. ഓണർ കൃത്യസമയം വാഹനം ഓടിച്ചിരുന്ന കുട്ടിയുടെ പിതാവാണെന്ന് അറിവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രായപൂർത്തിയാകാത്ത കുട്ടിക്ക് വാഹനം ഓടിക്കാൻ നൽകിയതിലേക്ക് ഈ കേസിലേക്ക് കുട്ടിയുടെ പിതാവിനെ പ്രതിചേർത്തും MV Act-ലെ സെക്ഷൻ 199A(1), 199A(2) പ്രകാരമുള്ള വകുപ്പുകൾ 26-10-2026-ന് കൂട്ടിച്ചേർത്തും അന്വേഷണം നടത്തിവരുന്നു. ആയതിലേക്കുള്ള റിപ്പോർട്ട് കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതുമാണ്. മേൽ കേസിൽ അന്വേഷണം നടന്നുവരികയാണ്.

പ്രാഥമിക അന്വേഷണത്തിൽ പൊലീസ് ഉദ്യോഗസ്ഥർ ചില വകുപ്പുകൾ ചേർത്തില്ല എന്നുള്ളത് വളരെ ഗൗരവതരമായ കാര്യമാണ്. ഇന്നലെ എ.ഡി.ജി.പി. (ലാ ആൻഡ് ഓർഡർ) ശ്രീ. പി. വിജയൻ

ഐ.പി.എസ്.-നെ ഞാൻ അവിടേയ്ക്ക് അയച്ചിട്ടുണ്ട്. അന്വേഷണം നടത്തി പൊലീസ് ഉദ്യോഗസ്ഥർ കുറ്റക്കാരാണെന്ന് കണ്ടാൽ അവരുടെ പേരിൽ ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ നടപടി സ്വീകരിക്കും. വാസ്തവത്തിൽ ശ്രീ. ടി. ജെ. വിനോദ്, എം.എൽ.എ. ആണ് സംഭവം നടന്നപ്പോൾ എന്നെ ഫോണിൽ വിളിച്ച് അറിയിച്ചത്. അപ്പോൾതന്നെ ഞങ്ങൾ ആക്ട് ചെയ്തിട്ടുണ്ട്. പൊലീസിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ അതിൽ നടപടിയുണ്ടാകും. ഇതിൽ നമ്മൾ കാണേണ്ട ഒന്നുരണ്ടു കാര്യങ്ങൾകൂടി പറയാം. ഒന്ന്, അമിതവേഗതയിലുള്ള വാഹനമോടിക്കൽ അഥവാ റാഷ് ഡ്രൈവിങും രണ്ട്, മദ്യപിച്ചും മയക്കുമരുന്ന് ഉപയോഗിച്ചുമുള്ള വാഹനമോടിക്കലുമാണ്. തിരുവനന്തപുരത്ത് ഒരു ആർ.ടി.ഒ.-യിൽ എല്ലാ ദിവസവും 45 വാഹനമാണ് രജിസ്റ്റർ ചെയ്യുന്നതെന്നാണ് ഞാൻ കണക്കെടുത്തപ്പോൾ അറിഞ്ഞത്. ഇത്രയും വാഹനങ്ങൾ ഓടിക്കാനുള്ള റോഡ് ഇവിടെയില്ല എന്നുള്ളതാണ് ഏറ്റവും വലിയ പ്രശ്നം. ഒരു വീട്ടിൽ മൂന്നും നാലും വാഹനങ്ങളാണുള്ളത്. എല്ലാ വീട്ടിൽനിന്നും ആളുകൾ നാലും അഞ്ചും വാഹനങ്ങളുമായി

റോഡിലിറങ്ങുന്നു. വാഹനങ്ങൾ വർധിച്ചുകൊണ്ടിരിക്കുന്നെങ്കിലും റോഡ് വളരെ പഴയതാണ്. അതുകൊണ്ട് ഇത്തരം വിഷയങ്ങൾകൂടി പരിഹരിക്കാൻ നമ്മളെല്ലാവരും ബാധ്യസ്ഥരാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയത്തിൽ കൂറ്റമറ്റ നടപടി സർക്കാർ സ്വീകരിക്കും.

(8) ശിവസൂര്യ എന്ന വിദ്യാർഥിയുടെ തിരോധാനം

ശ്രീ. പി. കെ. പ്രവീൺ: മാഡം ഡെപ്യൂട്ടി സ്പീക്കർ, എന്റെ നിയോജകമണ്ഡലത്തിലെ ശിവസൂര്യ എന്ന 17 വയസ്സുള്ള വിദ്യാർഥിയുടെ തിരോധാനവുമായി ബന്ധപ്പെട്ടാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 2026 ആഗസ്റ്റ് 8 മുതൽ ടി കുട്ടിയെ കാണാതായിരിക്കുകയാണ്. ഇന്നേയ്ക്ക് രണ്ടര മാസമായി. ആ കുട്ടിയുടെ പിതാവ് ജിഗീഷ് ഒരു നിർധന കുടുംബത്തിൽപെട്ട തൊഴിലാളിയാണ്. ആ കുടുംബത്തിന്റെ ഏക ആശ്രയമാണ് ശിവസൂര്യ എന്ന വിദ്യാർഥി. കുട്ടിയെ കാണാതായ അന്നുതന്നെ കുട്ടിയുടെ പിതാവ് ചൊക്ലി പൊലീസ് സ്റ്റേഷനിൽ പരാതി കൊടുക്കുകയും പൊലീസ് നല്ലരീതിയിൽ അന്വേഷണവുമായി മുന്നോട്ടുപോകുകയും ചെയ്യുന്നുണ്ട്. 'ഞാൻ കാശിക്ക് പോകുകയാണ്..'

എന്നൊരു ചെറിയ കുറിപ്പെഴുതി വച്ചിട്ടാണ് ആ കുട്ടി പോയതെന്ന് പരാതിയിൽ പറയുന്നുണ്ട്. അത് എഴുതാനുള്ള കാരണം എന്താണെന്ന് ചോദിച്ചപ്പോൾ പിതാവ് പറഞ്ഞത്, കുട്ടി ഓൺലൈൻ ഗെയിമുമായി ബന്ധപ്പെട്ട് കുറെയധികം സാമ്പത്തികബാധ്യതകൾ വരുത്തിവച്ചതുകൊണ്ട് പിതാവ് ഫോൺ വാങ്ങി മാറ്റിവച്ചു. അതിനെത്തുടർന്നാണ് വിദ്യാർഥി വീടുവിട്ട് പോയത്. മൊബൈൽ ഫോൺ പിടിച്ചുവച്ചതിനെതുടർന്ന് ഇന്ന് നമ്മുടെ നാട്ടിൽ പലയിടത്തും കാണാൻ സാധിക്കുന്നത് വീടുവിട്ടുപോകുന്ന യുവതലമുറകളെയും വിദ്യർഥികളെയും ജീവിതം അവസാനിപ്പിക്കുന്ന യുവതലമുറയെയുമാണ്. കോവിഡ് കാലത്ത് വിദ്യാർഥികൾ പഠനം ഭംഗിയായ രീതിയിൽ നടത്താനാണ് മൊബൈൽ ഫോണുകൾ ഉപയോഗിച്ചത്. എന്നാൽ ചിലർ അത് ഓൺലൈൻ ഗെയിമിങ്ങിനായി ഉപയോഗിക്കുകയും അതുമായി മുന്നോട്ടുപോകുകയും ചെയ്തു. അതോടുകൂടി ചില വിദ്യാർഥികൾക്ക് ഫോൺ ലഹരിയായി മാറിയിരിക്കുകയാണ്. ഇന്നത്തെ വിദ്യാർഥി സമൂഹത്തെ സംബന്ധിച്ചിടത്തോളം ശാരീരികമായി നല്ല ശക്തിയുണ്ട് പക്ഷേ മാനസികമായി ശക്തി കുറയുന്ന ഒരു

കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. അവിടെ നമ്മൾ നിർബന്ധമായും വിദ്യാർഥികൾക്ക് ഇതിനെതിരെയുള്ള ഒരു ബോധവൽക്കരണ ക്ലാസുകൾ നടത്തേണ്ടതുണ്ട്. ഞാൻ ഒരുകാര്യം കൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇന്നത്തെ യുവതലമുറയെ സംബന്ധിച്ചിടത്തോളം ടർഫ് എന്നത് ശാരീരികക്ഷമത വർധിപ്പിക്കാനുള്ളതാണ്. ഫുട്ബാൾ കളിച്ചുകൊണ്ട് ശാരീരികക്ഷമത കൂടുന്നുണ്ട്. എന്നാൽ അതിനൊരു നിജപ്പെടുത്തിയ സമയമില്ല. ഇന്ന് പല വിദ്യാർഥികളും രാത്രി പന്ത്രണ്ടും രണ്ടും മണിവരെ ടർഫിൽ നിന്ന് കളിച്ചുകൊണ്ടാണ് വീട്ടിൽ വരുന്നത്. അതിന് സ്ഥിരമായ ഒരു സമയം നിജപ്പെടുത്തിയാൽ വലിയൊരു മാറ്റമുണ്ടാകും. ആയതിനാൽ ശിവസൂര്യയുടെ തിരോധാനവുമായി ബന്ധപ്പെട്ട് ഉന്നത പൊലീസ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ആവശ്യമായ എല്ലാ സാങ്കേതിക സംവിധാനങ്ങളും ഉപയോഗപ്പെടുത്തി അന്വേഷണം ഊർജിതമായി നടത്തി ആ കുടുംബത്തിലെ ഏക ആശ്രയമായ ശിവസൂര്യയെ കണ്ടെത്താനുള്ള നടപടിയുമായി മുന്നോട്ടുപോകണമെന്നാണ് അങ്ങയോട് ആവശ്യപ്പെടുന്നത്.

Submission

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): മാഡം ഡെപ്യൂട്ടി സ്പീക്കർ, കണ്ണൂർ ജില്ലയിലെ പെരിങ്ങത്തൂർ, കരിയാട്, ശിവപ്രിയം വീട്ടിൽ ശ്രീ. ജിഗീഷ് മകനും ചൊക്ലി രാമവിലാസം ഹയർ സെക്കൻഡറി സ്കൂളിലെ പ്ലസ്ടു വിദ്യാർഥിയുമായ പതിനേഴ് വയസ്സുള്ള ശിവസൂര്യയെ 08-08-2026-ന് ഉച്ചയ്ക്ക് 2.30 മണി മുതൽ മൊബൈൽ ഫോണിൽ ഗെയിം കളിക്കുന്നതുമായി ബന്ധപ്പെട്ട് മാതാപിതാക്കൾ വഴക്കുപറഞ്ഞു. അതിനെത്തുടർന്ന് 'ഞാൻ കാശിക്ക് പോകുന്നു, ഇനിയുള്ള ജീവിതം അവിടെ ജീവിച്ച് ദൈവത്തോട് അലിയും' എന്ന് എഴുതിവച്ചശേഷം ഏകദേശം മൂവായിരത്തോളം രൂപയുമായി ഈ കുട്ടിയെ വീട്ടിൽനിന്ന് കാണാതായിയെന്ന് പിതാവ് ജിഗീഷ് വൈകുന്നേരം ചൊക്ലി പോലീസ് സ്റ്റേഷനിൽ ഹാജരായി മൊഴി നൽകിയതാണ്. അതിന്റെ അടിസ്ഥാനത്തിൽ ചൊക്ലി പോലീസ് സ്റ്റേഷൻ ക്രൈം 236/2026 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ അഡ്വ. ടി. ആസഫ് അലിയുടെ സ്വീകരണ പരിപാടിക്കായി കഴിഞ്ഞ ദിവസം ഞാൻ മാഹിയിൽ ചെന്നപ്പോൾ പാനൂർ മുനിസിപ്പൽ

ചെയർപേഴ്സണും അവിടത്തെ മെമ്പർമാരും കൂടി എന്നെ വന്നുകണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. പി. കെ. പ്രവീൺ സൂചിപ്പിച്ച ഇതേ കാര്യങ്ങൾ അവർ എന്നോട് വിശദീകരിച്ചതാണ്. മൊബൈൽ ഗെയിം കളിക്കുന്ന കുട്ടികൾ വലിയതോതിൽ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുവെന്നുള്ളത് സത്യമാണ്. ഇവർ എന്താണ് ചെയ്യുന്നതെന്ന് ആർക്കും അറിയില്ല. മാതാപിതാക്കൾക്ക് വഴക്ക് പറയാൻപോലും സാധിക്കാത്ത അവസ്ഥയാണ്. വഴക്ക് പറഞ്ഞതിന്റെ പേരിലാണ് ഈ കുട്ടി അവിടെനിന്നും abscond ചെയ്തത്. പാനൂർ മുനിസിപ്പാലിറ്റിയുടെ ചെയർപേഴ്സൺ ശ്രീ. കൂടത്തിൽ നൗഷത്ത് ഉൾപ്പെടെയുള്ള മെമ്പർമാരാണ് അന്ന് അവിടെ വന്നത്. ഇവിടെ ശ്രീ. പി. കെ. പ്രവീൺ ചൂണ്ടിക്കാണിച്ച ഈ കാര്യത്തിൽ, കേസ് എടുത്തിട്ടുണ്ട്. അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. പോലീസ് കാശിയിലും ബനാറസിലും പോയി അന്വേഷണം നടത്തി. ഇതുവരെ കാര്യമായ വിവരങ്ങൾ ലഭ്യമായിട്ടില്ല. കണ്ണൂർ സിറ്റി പോലീസ് കമ്മീഷണറുടെ 16-08-2026-ലെ നമ്പർ D1-44797/2026/KC ഉത്തരവ് പ്രകാരം തലശ്ശേരി അസിസ്റ്റന്റ് പോലീസ്

സൂപ്രണ്ട് ഉൾപ്പെടെയുള്ള എട്ടുപേർ അടങ്ങുന്ന ഒരു പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിച്ച് അന്വേഷണം നടത്തുകയാണ്. സംസ്ഥാനത്തിന്റെ വിവിധ പോലീസ് സ്റ്റേഷനുകളിലേക്കും മൊബൈൽ പട്രോൾ വാഹനങ്ങളിലേക്കും വയർലെസ് മെസേജ് അയച്ചും ക്രൈം കാർഡ് തയ്യാറാക്കി അയച്ചും സമീപ പ്രദേശങ്ങളിലെ സി.സി.ടി.വി. പരിശോധിച്ചും റെയിൽവേ, ബസ് സ്റ്റേഷൻ, പോലീസ് സ്റ്റേഷനുകൾ എന്നിവ കേന്ദ്രീകരിച്ചും കാണാതായ ശിവസൂര്യയുമായി ബന്ധമുള്ള നാട്ടുകാരെയും മറ്റും കണ്ട് ചോദിച്ചും മറ്റ് ജില്ലകളിലും കാണാതായ ശിവസൂര്യയെ കാശി, മൈസൂർ, കോഴിക്കോട്, മലപ്പുറം, കൊല്ലം എന്നിവിടങ്ങളിൽവച്ച് കണ്ടുവെന്ന് അറിഞ്ഞതുപ്രകാരം പ്രസ്തുത സ്ഥലങ്ങളിൽ തിരച്ചിൽ നടത്തിയിട്ടുണ്ട്. കാണാതായ കുട്ടിയുടെ വിവരങ്ങൾ ദേശീയതലത്തിൽ പ്രചരിപ്പിക്കുന്നതിന് TALASH എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഗാണ്ഡീവ, വാത്സല്യ തുടങ്ങിയ പോർട്ടലുകളിൽ കാണാതായ കുട്ടിയുടെ ആധാർ കാർഡ് അടക്കമുള്ള വിവരങ്ങൾ പങ്കുവച്ചും ഹിന്ദി, ഇംഗ്ലീഷ്, കന്നഡ ഭാഷകളിൽ ലുക്ക്ഔട്ട് നോട്ടീസുകൾ വ്യാപകമായി കേരള പോലീസ് പ്രചരിപ്പിക്കുകയും

ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ എല്ലാ പഴുതുകളും അടച്ചുകൊണ്ടുള്ള അന്വേഷണം നടക്കുകയാണ്. പ്രത്യേക അന്വേഷണ സംഘം അന്വേഷണം നടത്തിവരവേ ഈ കേസിന്റെ സമഗ്ര അന്വേഷണത്തിനായി ബഹുമാനപ്പെട്ട സംസ്ഥാന പോലീസ് മേധാവിയുടെ 13-10-2026-ലെ നമ്പർ D4-207002/2026/PHQ ഉത്തരവുപ്രകാരം അന്വേഷണം സംസ്ഥാന ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുള്ളതാണ്. സംസ്ഥാന ക്രൈം ബ്രാഞ്ചിൽ ഈ ക്രൈം 1765/2026 ആയി റീ-രജിസ്റ്റർ ചെയ്ത് കണ്ണൂർ ക്രൈം ബ്രാഞ്ച് പോലീസ് സൂപ്രണ്ട് 16-10-2026-ലെ നമ്പർ D1-7352/2026/CB/കണ്ണൂർ ഉത്തരവുപ്രകാരം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. സനിൽകുമാർ ക്രൈം ബ്രാഞ്ച് ഡിസ്ട്രിക്ട് ഓഫീസർ അന്വേഷണം ഏറ്റെടുത്ത് എട്ടംഗ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് ശിവസൂര്യയെ കണ്ടെത്തുന്നതിന് കാര്യക്ഷമമായ അന്വേഷണം നടത്തി വരികയാണ്. കാണാതായ ശിവസൂര്യയെ കണ്ടെത്താനുള്ള എല്ലാ ശ്രമങ്ങളും പോലീസ് നടത്തിവരികയാണ്.

(9) നാട്ടാനകളുടെ കുറവ് പരിഹരിക്കാൻ നടപടി

Submission

ശ്രീ. രാജൻ ജെ. പല്ലൻ: മാഡം ഡെപ്യൂട്ടി സ്പീക്കർ, നമ്മുടെ സംസ്ഥാനത്തെ നാട്ടാനകളുടെ കുറവ് സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടിയാണ് ഞാൻ ശ്രമിക്കുന്നത്. തൃശ്ശൂർ പൂരവും സംസ്ഥാനത്തിലെ മറ്റ് പരമ്പരാഗത ക്ഷേത്രോത്സവങ്ങളും ചെറുതും വലുതുമായ പൂരങ്ങളും തടസ്സമില്ലാതെ നടത്തുന്നതിന് സംസ്ഥാനത്ത് അനുഭവപ്പെടുന്ന നാട്ടാനകളുടെ എണ്ണത്തിലെ ക്രമാതീതമായ കുറവ് പരിഹരിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. Kerala Captive Elephants (Management and Maintenance) Rules-ന് വിധേയമായി അന്യസംസ്ഥാനങ്ങളിൽനിന്നും ആനകളെ എത്തിക്കുന്നതിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയവുമായി ചേർന്ന് സംസ്ഥാന സർക്കാർ ശാസ്ത്രീയവും നിയമപരവുമായ നടപടി അടിയന്തരമായി സ്വീകരിക്കേണ്ടതുണ്ട്. കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെയും മതസൗഹാർദത്തിന്റെയും ജനകീയ ആഘോഷങ്ങളുടെയും പ്രതീകമാണ് നമ്മുടെ പൂരാഘോഷങ്ങൾ. തൃശ്ശൂർ പൂരമുൾപ്പെടെ കേരളത്തിലെ പ്രസിദ്ധമായ പൂരങ്ങൾ ആനകളുടെ

സാന്നിധ്യവും എഴുന്നള്ളിപ്പുംകൊണ്ട് ലോകശ്രദ്ധ നേടിയിട്ടുള്ളതാണ്. പൂരങ്ങൾ കേവലം ക്ഷേത്രാഘോഷങ്ങൾ മാത്രമല്ല. കേരളത്തിന്റെ ടൂറിസത്തിനും വ്യാപാര മേഖലയ്ക്കും പ്രാദേശിക സമ്പദ്‌വ്യവസ്ഥയ്ക്കും വലിയ സംഭാവനകൾ ചെയ്യുന്ന സാംസ്കാരിക ഉത്സവങ്ങൾ കൂടിയാണ്. എന്നാൽ ഇന്ന് സംസ്ഥാനത്ത് നാട്ടാനകളുടെ എണ്ണം ഗണ്യമായി കുറഞ്ഞുവരുന്ന സാഹചര്യം അതീവഗൗരവത്തോടെ കാണേണ്ടതുണ്ട്. ഒരു കാലഘട്ടത്തിൽ ഏകദേശം ആയിരത്തോളം നാട്ടാനകളുണ്ടായിരുന്ന സംസ്ഥാനത്ത് ഇന്ന് 350 നാട്ടാനകൾ മാത്രമാണെന്ന ലഭ്യമായിട്ടുള്ള കണക്കുകൾ ഈ പ്രതിസന്ധിയുടെ വ്യാപ്തി വർധിപ്പിക്കുകയാണ്. ഈ കുറവ് തൃശ്ശൂർ പൂരമുൾപ്പെടെയുള്ള പ്രധാന പൂരങ്ങളുടെ നടത്തിപ്പിനെയും വിവിധ ക്ഷേത്രങ്ങളിലെ ആചാരാനുഷ്ഠാനങ്ങളെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ആനകളെ കേരളത്തിലേക്ക് കൊണ്ടുവരുന്നതിനും ആവശ്യമായ നിയമാനുസൃത അനുമതികൾ ലഭ്യമാക്കുന്നതിനും നിലവിലുള്ള കേന്ദ്ര നിയമങ്ങളുടെയും ചട്ടങ്ങളുടെയും വ്യാഖ്യാനങ്ങളുടെയും ഭാഗമായി തടസ്സം നേരിടുന്നു. ഈ സാഹചര്യത്തിൽ

നിയമം അനുവദിക്കുന്ന പരിധിക്കുള്ളിൽ ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിനും കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് പ്രായോഗികമായ പരിഹാരം കണ്ടെത്തുന്നതിനും സംസ്ഥാന സർക്കാർ അടിയന്തരമായി ഇടപെടേണ്ടതുണ്ട്. കേന്ദ്ര നിയമം ഇങ്ങനെ നിലനിൽക്കുന്നുണ്ടെങ്കിൽപ്പോലും നമ്മുടെ സമീപ സംസ്ഥാനങ്ങളായ തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽനിന്നും 5 നാട്ടാനകളെ ഈ അടുത്ത ദിവസങ്ങളിൽ കൊണ്ടുവന്നിട്ടുണ്ട്. ആനകളുടെ ഈ കടുത്ത ക്ഷാമം കാരണം ഉത്സവ സീസണുകളിൽ ആനയ്ക്ക് ഒരു ദിവസത്തേക്ക് 2 ലക്ഷം രൂപ മുതൽ 3 ലക്ഷം രൂപവരെ ഭീമമായ വാടക നൽകേണ്ടി വരുന്ന സാഹചര്യമുണ്ട്. ഇത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ചെറിയ ക്ഷേത്രങ്ങളിലെ പൂരചടങ്ങുകൾ വെട്ടിച്ചുരുക്കുന്നതിനും ആചാരാനുഷ്ഠാനങ്ങൾ മുടങ്ങുന്നതിനും ഇടയാകുന്നു. കൂടാതെ ഉത്സവങ്ങളെയും പൂരങ്ങളെയും ആശ്രയിച്ച് ജീവിക്കുന്ന പതിനായിരക്കണക്കിന് മേള-വാദ്യ കലാകാരന്മാർ, പാപ്പാന്മാർ, തൊഴിലാളികൾ എന്നിവരുടെ കുടുംബങ്ങളുടെ ഉപജീവന മാർഗത്തെയും ഇത് സാരമായി ബാധിക്കുന്നുണ്ട്.

Submission

മാഡം ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്... കൺക്ലൂഡ്.

ശ്രീ. രാജൻ ജെ. പല്ലൻ: മാഡം ഡെപ്യൂട്ടി സ്പീക്കർ, ആനകളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കിക്കൊണ്ടുതന്നെ യാതൊരുവിധ വിട്ടുവീഴ്ചകളുമില്ലാതെ നിയമപരമായ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കേരളത്തിന്റെ പാരമ്പര്യ ആഘോഷങ്ങൾ സംരക്ഷിക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. ആനകളുടെ യാത്ര, ആരോഗ്യ പരിശോധന, വെറ്ററിനറി സർട്ടിഫിക്കറ്റുൾപ്പെടെ ബാധകമായ എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ച് മറ്റ് സംസ്ഥാനങ്ങളിൽനിന്നും ആനകളെ കൊണ്ടുവരാനുള്ള വ്യക്തമായ ഒരു നടപടിക്രമം രൂപീകരിക്കണം. അതിനാൽ ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ അടിയന്തരമായി കേന്ദ്ര സർക്കാരുമായി ചർച്ച നടത്തണമെന്നും നിലവിലുള്ള നിയമ തടസ്സങ്ങൾ പരിശോധിച്ച് നിയമാനുസൃതമായ പരിഹാരം കണ്ടെത്തണമെന്നും ആനകളെ കേരളത്തിലേക്ക് കൊണ്ടുവരുന്നതിനുള്ള അനുമതി നടപടികൾ ലളിതവും സമയബന്ധിതവുമാക്കണമെന്നും ഈ സബ്മിഷനിലൂടെ സഭയിൽ ഞാൻ ആവശ്യപ്പെടുകയാണ്.

Submission

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): മാഡം ഡെപ്യൂട്ടി സ്പീക്കർ, ബഹുമാനപ്പെട്ട അംഗം നിരവധി തവണ വ്യക്തിപരമായി എന്നെ കണ്ട് ആവശ്യപ്പെട്ട കാര്യമാണ് ഇന്നിവിടെ സബ്മിഷനിലൂടെ ഉന്നയിച്ചിരിക്കുന്നത്. പൊതുസമൂഹത്തിൽനിന്നും ക്ഷേത്ര ഭാരവാഹികളുടെ ഭാഗത്തുനിന്നും വലിയ സമ്മർദം ഇക്കാര്യത്തിലുണ്ട്. അദ്ദേഹം സൂചിപ്പിച്ചതുപോലെ, ഇതിലെ വിചിത്രമായ കാര്യമെന്നത് വന്യജീവി സംരക്ഷണ നിയമം, 1972-ലെ വകുപ്പ് 43 പ്രകാരം ക്യാപ്റ്റീവ് മൃഗങ്ങളുടെ വാണിജ്യപരമായ കൈമാറ്റം നിരോധിച്ചിരിക്കുന്നു എന്നതാണ്. എന്നാൽ അതിനുശേഷം വന്ന Captive Elephant (Transfer or Transport) Rules, 2024 പ്രകാരം അന്യസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേക്ക് നാട്ടാനകളുടെ കൈമാറ്റവും ഗതാഗതവും അനുവദനീയമാണ്. പക്ഷെ അതിന്റെ വ്യവസ്ഥകളിൽ ഇവിടെനിന്നും കൊണ്ടുവരുന്ന സംസ്ഥാനങ്ങളിൽനിന്നും എൻ.ഒ.സി. ലഭ്യമാകണമെന്ന് പറയുന്നുണ്ട്. അതിന്റെ ഓണർഷിപ്പ് സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട് ചില വ്യവസ്ഥകളുണ്ട്. ആ വ്യവസ്ഥകൾ പലപ്പോഴും

പാലിക്കപ്പെടാൻ സാധിക്കുന്നില്ല എന്നുള്ളതാണ് ഇതിലെ വിചിത്രമായ വിഷയം. ഇന്നലെ പെറ്റ്സ് ഓണേഴ്സിന്റെ ഒരു സംഘടന എന്നെ കാണാൻ വന്നിരുന്നു. അവർക്കും ഇതേ വിഷയമാണ്. എക്സോട്ടിക്കായിട്ടുള്ള തത്തകളെയും മറ്റും കൊണ്ടുവരാൻ സാധിക്കുന്നില്ല. ഇതിനായി ഫോറസ്റ്റ് വകുപ്പ് പെർമിഷൻ നൽകണമെങ്കിൽ തത്തയുടെ അച്ഛന്റെയും അമ്മയുടെയും ഡീറ്റെയിൽസ് വേണം. അത് എങ്ങനെ സാധിക്കുമെന്നുള്ളതാണ് ഇതിലെ ബുദ്ധിമുട്ട്. ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് തീർച്ചയായും നമ്മുടെ നാടിന്റെ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിന്റെ ഭാഗമായി അത് യഥേഷ്ടം ആർക്കുവേണമെങ്കിൽ കൊണ്ടുവരാൻ കഴിയുന്നതിനെക്കുറിച്ച് ഗവൺമെന്റിന് യോജിപ്പില്ല. പക്ഷേ നമ്മുടെ പൈതൃകം സംരക്ഷിക്കുന്നതിന്റെ ഭാഗമായി എങ്ങനെ ഈ നിയമത്തിനുള്ളിൽ നിന്നുകൊണ്ട് ചെയ്യാം എന്നുള്ളതാണ്. ഇപ്പോൾ 324 നാട്ടാനകളാണ് സ്വകാര്യ വ്യക്തികളുടെ കൈവശമുള്ളത്. ഇതിൽ എന്താണ് ചെയ്യാൻ സാധിക്കുന്നതെന്ന് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. നിലവിൽ വ്യവസ്ഥയുണ്ട്. പക്ഷേ, കൊണ്ടുവരാൻ മാർഗമില്ല. അന്യസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവന്നുവെന്ന്

പറഞ്ഞത് ഞാൻ പരിശോധിച്ചു, തമിഴ്നാട്ടിൽനിന്നും അഞ്ചോ ആറോ ആനകളെ കഴിഞ്ഞ മാസം കൊണ്ടുവന്നു. പക്ഷേ, അത് താൽക്കാലികമായി കൊണ്ടുവന്നു എന്നുള്ള നിലയിലാണ് അവിടെ അനുവദിച്ചിരിക്കുന്നതെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനോട് യോജിക്കുന്നുണ്ട്. പക്ഷേ അതിൽ പ്രായോഗികമായ തടസ്സങ്ങളുണ്ട്.

(10) വന്യമൃഗശല്യം തടയുന്നതിനും ജനങ്ങളുടെ സുരക്ഷയും ഭീക്ഷണി നേരിടുന്ന കുടുംബങ്ങളുടെ പുനരധിവാസവും ഉറപ്പാക്കാൻ നടപടി

ശ്രീ. സുധീർഷാ പാലോട്: മാഡം ഡെപ്യൂട്ടി സ്പീക്കർ, മലയോര ജനതയുടെ ജീവിത പ്രശ്നങ്ങൾക്ക് ശാശ്വതവും ശാസ്ത്രീയവുമായ പരിഹാരമുണ്ടാകുമെന്നും അവരെ വിധിക്ക് വിട്ടുകൊടുക്കില്ലെന്നും പറഞ്ഞ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെയും പ്രവർത്തനങ്ങൾ വളരെ പ്രതീക്ഷയോടുകൂടിയാണ് ജനങ്ങൾ നോക്കി കാണുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ രണ്ടുമൂന്ന് പഞ്ചായത്തുകൾ വനത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന പ്രദേശമാണ്. അതിരൂക്ഷമായ വന്യമൃഗശല്യവും കൃഷി ചെയ്യാൻ കഴിയാത്ത സാഹചര്യവും

ഭീതിരഹിതമായി കുട്ടികൾക്ക് സ്കൂളിൽ പോകാൻ കഴിയാത്ത സാഹചര്യവും ഉൾപ്പെടെ വനപ്രദേശങ്ങളിലുണ്ടാകുന്ന എല്ലാ ബുദ്ധിമുട്ടുകളും നേരിടുന്ന പ്രദേശമാണത്. വന്യജീവി ആക്രമണത്തിൽ നിരവധി മനുഷ്യരുടെ ജീവൻ നഷ്ടമായിട്ടുണ്ട്. മാത്രമല്ല, ശാരീരിക ബുദ്ധിമുട്ടുകൾകൊണ്ട് കഴിയുന്ന ധാരാളംപേർ ഇപ്പോഴും അധിവസിക്കുന്ന പ്രദേശമാണത്. വന്യജീവി ആക്രമണം തടയുന്നതിനുവേണ്ടി ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം ഫോറസ്റ്റ് ഡിവിഷനിൽ ആന കിടങ്ങുകളുടെ നിർമ്മാണത്തിനായി ഏകദേശം 2.5 കോടി രൂപ അനുവദിച്ചിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി അരിപ്പ മുതൽ വേങ്കൊല വരെയും വേങ്കൊല മുതൽ ഇലവുപാലം വരെയുള്ള 9.3 കിലോമീറ്റർ ട്രഞ്ച് നിർമ്മാണവുമായി ബന്ധപ്പെട്ട് 'സിൽക്ക്' എന്നുപറയുന്ന സർക്കാർ ഏജൻസി ഏറ്റെടുക്കുകയും നാളിതുവരെയായി പ്രവൃത്തി പൂർത്തികരിക്കാത്ത സാഹചര്യമാണുള്ളത്. ആ നിലയിൽ വലിയ പ്രതിസന്ധി നേരിടുന്ന സാഹചര്യമാണുള്ളത്. കരാർ ഏറ്റെടുത്ത കരാറുകാരൻ മരണപ്പെട്ടുവെന്നാണ് അന്വേഷിച്ചപ്പോൾ അറിയാൻ

കഴിഞ്ഞത്. ഏറ്റവും കൂടുതൽ പ്രയാസം അനുഭവിക്കുന്നൊരു പ്രദേശമാണ്. അവിടെ അടിയന്തരമായി പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ നിലപാടും തീരുമാനവുമുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുകയാണ്. അതോടൊപ്പം പാലോട് ഫോറസ്റ്റ് റേഞ്ചിന്റെ കീഴിൽ വരുന്ന പ്രദേശത്ത് 2024-ൽ നബാർഡ് ഫണ്ട് അനുവദിച്ച്, എസ്റ്റിമേറ്റ് എടുത്ത് കൊടിച്ചല, വെട്ടിക്കാവ്, ഈയക്കോട്, വെങ്കലകോൺ ഉൾപ്പെടെയുള്ള മലയോരപ്രദേശങ്ങളിലെ ഫെൻസിങുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ 'സിൽക്ക്' എന്ന ഏജൻസി ഏറ്റെടുത്തിരിക്കുകയാണ്. അവിടെ കിടങ്ങ് എടുക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. പാറയും കെ.എഫ്.ഡി.സി.-യുടെ പ്ലാന്റേഷനുമുള്ളതുകൊണ്ട് അവിടെ ഫെൻസിങ്ങാണ് ചെയ്യാൻ സാധിക്കുന്നത്. അതും പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ട്. ഇരുതരമായ ഈ സാഹചര്യം നിലനിൽക്കുന്നതിനാൽ.... കുറച്ച് ഭാഗത്തേയ്ക്ക് ടഞ്ച് എടുത്തിട്ടുണ്ട്. അവിടെത്തന്നെ മൃഗങ്ങൾ കടന്നുപോകുന്ന സാഹചര്യവുമുണ്ട്. വേണ്ട രീതിയിൽ ആഴവും വീതിയുമില്ലാതെ

ചെയ്യുവെന്നുള്ള പരാതികളുമുണ്ട്. അതുകൊണ്ട് ഇത്തരം പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിച്ച് അവിടത്തെ ജനങ്ങൾക്ക് വന്യജീവി ആക്രമണത്തിൽനിന്ന് മുക്തി നേടുന്നതിന് നടപടിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർഥിക്കാനുള്ളത്. അതോടൊപ്പം നബാർഡിന്റെ പരിഗണനയ്ക്കായി സമർപ്പിച്ച 32 പ്രൊപ്പോസലുകളിൽ വനം വകുപ്പ് സമർപ്പിച്ച ഒരുപറകരിക്കം, പേത്തല, മുല്ലച്ചൽ ഉൾപ്പെടെയുള്ള പദ്ധതികൾക്കും അടിയന്തരമായി അനുമതി നൽകി പ്രവൃത്തി പൂർത്തീകരിക്കണം. അതോടൊപ്പം ഈ ഫെൻസിങിനുള്ളിലും ടഞ്ചിനുള്ളിലും കൃഷി ചെയ്യാനും ജീവിക്കാനും കഴിയാത്ത നിരവധിയായ മനുഷ്യരുണ്ട്. അവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി ഒരു ഇടപെടൽകൂടി ഉണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുകയാണ്.

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): മാഡം ഡെപ്യൂട്ടി സ്പീക്കർ, അതിരൂക്ഷമായ വിഷയം അവിടെ നിലനിൽക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്.

ഫോറസ്റ്റ് വകുപ്പിന്റെ കൈവശമുള്ള രേഖ വച്ച് ബാക്കിയുള്ള സ്ഥലത്തെ ശ്രുക്ഷത എന്താണെന്ന് അദ്ദേഹത്തിന് മനസ്സിലാകാത്തതുകൊണ്ട് അവിടത്തെ അത്ര ശ്രുക്ഷമായ പ്രശ്നം എന്നുപറയുന്നത്. പ്രശ്നം പ്രശ്നമാണ്. എന്നാൽ അവിടെ താരതമ്യേന വർക്കുകൾ ചെയ്തിട്ടുള്ളതാണ്. പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ 13.22 കിലോമീറ്റർ ആനക്കിടങ്ങ് നിർമ്മിച്ചിട്ടുള്ളതും 9.3 കിലോമീറ്റർ ആനക്കിടങ്ങ് നിർമ്മിക്കുന്നതിന് കരാർ ഒപ്പുവച്ചിട്ടുള്ളതുമാണ്. പ്രസ്തുത പഞ്ചായത്തിൽ രണ്ടര കിലോമീറ്റർ ഫെൻസിങ് നിർമ്മിക്കുകയും പതിനൊന്നര കിലോമീറ്റർ ഫെൻസിങ്ങിന്റെ അറ്റകുറ്റപ്പണികൾ ഇപ്പോൾ പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുമുണ്ട്. വിവിധ ഉന്നതികളിലേക്കുള്ള 26 റോഡുകളിൽ ആകെ 66 കിലോമീറ്ററും കൂടാതെ പഞ്ചായത്ത്-പൊതുമരാമത്ത്-ഫോറസ്റ്റ് വകുപ്പുകളുടെ 21 റോഡുകൾ 91.2 കിലോമീറ്റർ VISTA ക്ലിയറൻസ് പൂർത്തിയാക്കിയിട്ടുണ്ട്. ഇവയെല്ലാം നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായിട്ടാണ് നടപ്പാക്കിയിട്ടുള്ളത്. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതിൽ ഒരു കാര്യമുണ്ട്. പലപ്പോഴും പദ്ധതി ഏറ്റെടുക്കുന്ന

പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോ വർക്ക് ഏറ്റെടുക്കുകയും പിന്നീട് അത് അനന്തമായി നീട്ടികൊണ്ടുപോകുന്ന, യാതൊരു അക്കൗണ്ടബിലിറ്റിയുമില്ലാത്ത രീതിയാണുള്ളത്. ഒരു വർക്ക് ഏറ്റെടുത്തുകഴിഞ്ഞാൽ പിന്നീട് അത് റിസ്ക് ആൻഡ് കോസ്റ്റ് വച്ച് ക്യാൻസലാക്കുന്നത് വീണ്ടും കോസ്റ്റ് എസ്കലേഷന് ഇടയാക്കും. അതുകൊണ്ട് ഇതെല്ലാം ഗൗരവത്തിൽത്തന്നെ പുനഃപരിശോധിച്ചുകൊണ്ട് ഇനിയും timely completion, ആവശ്യമുള്ള പ്രീ-ക്വാളിഫിക്കേഷൻ സംവിധാനങ്ങളോടുകൂടിയുള്ള ഒരു പുതിയ നടപടിക്രമങ്ങൾക്ക് തുടക്കംകുറിക്കുകയാണ്. അങ്ങനെയുള്ള കരാറുകാരെ മാത്രമെ ഇനി മുതൽ നിർമ്മാണ ചുമതല ഏൽപ്പിക്കുകയുള്ളൂ. അതിവേഗത്തിൽ ഗവൺമെന്റ് പദ്ധതികൾ നടപ്പിലാക്കാൻ ആവശ്യമായ പദ്ധതികളാണ് ആവിഷ്കരിക്കുന്നത്. ബഹുമാനപ്പെട്ട അംഗത്തിന് കൂടുതലായി എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ എഴുതി നൽകുന്നപക്ഷം അതുംകൂടി പരിഗണിക്കാവുന്നതാണ്.

(11) <u>പട്ടയങ്ങൾ അടിയന്തരമായി അനുവദിക്കാൻ നടപടി</u>

Submission

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: മാഡം ഡെപ്യൂട്ടി സ്പീക്കർ, പട്ടയം വിതരണം വേഗത്തിലാക്കണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്. മുഴുവൻ കുടുംബങ്ങൾക്കും ഭൂമി, മുഴുവൻ ഭൂമിക്കും രേഖ ഭൂരഹിതരില്ലാത്ത കേരളമെന്ന ലക്ഷ്യത്തോടെ കഴിഞ്ഞ സർക്കാർ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച നടപടിയാണ് പട്ടയ മിഷൻ. ഇതിന്റെ ഭാഗമായി ഭൂരഹിതരും ഭൂമിയുണ്ടായിട്ടും നിയമപരമായി ഉടമസ്ഥാവകാശ രേഖകൾ ലഭിക്കാതിരുന്നവരുമായ നിരവധി കുടുംബങ്ങൾക്ക് ഈ പദ്ധതി പ്രതീക്ഷയുണ്ടാക്കി. പട്ടയ മിഷന്റെ ഭാഗമായി റവന്യൂ സർവെ ഉദ്യോഗസ്ഥന്മാരും തൃതല പഞ്ചായത്ത് അംഗങ്ങളും സംയുക്ത യോഗം ചേർന്ന് പട്ടയ അപേക്ഷകൾ പരിശോധിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. ഈ ഏകോപനം പട്ടയ പ്രശ്നം പരിഹരിക്കുന്നതിന് വളരെ സഹായകരമായിരുന്നു. ഇതിന്റെ ഭാഗമായി 2021-26 വരെയുള്ള കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ, വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ 4094 കുടുംബങ്ങൾക്ക് പട്ടയം വിതരണം ചെയ്യാൻ കഴിഞ്ഞു. ഈ സർക്കാർ അധികാരത്തിൽവന്ന് തൃശ്ശൂർ ടൗൺ

ഹാളിൽ നടന്ന പട്ടയമേളയിൽ നേരത്തെ പട്ടയം മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി നടപടിക്രമങ്ങൾ പൂർത്തിയാക്കി, 185 പട്ടയങ്ങൾ വിവിധ വിഭാഗങ്ങളിലായി വിതരണം ചെയ്യാൻ കഴിഞ്ഞു. ഭൂപതിവ് കമ്മിറ്റി രൂപീകരിച്ചാൽ ഇതിനോടൊപ്പം കുറച്ചുംകൂടി പട്ടയങ്ങൾ കൊടുക്കാൻവേണ്ടി കഴിയുമായിരുന്നുവെന്ന് അന്ന് ടി മേളയിൽ പങ്കെടുക്കാൻ എത്തിയപ്പോൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് ഞാൻ നേരിട്ട് സൂചിപ്പിച്ചിരുന്നു. അന്നുതന്നെ അദ്ദേഹം അത് ഒപ്പിട്ടുകൊടുത്തിരുന്നുവെന്നാണ് പറഞ്ഞിരുന്നത്. നിലവിലത് ഗസറ്റിൽ പ്രഖ്യാപിച്ചിട്ടില്ല. ആർ.ഡി.ഒ. തലത്തിലുള്ള ഭൂപതിവ് കമ്മിറ്റി യോഗം ചേർന്നാൽ തലപ്പിള്ളി താലൂക്കിലെ വടക്കാഞ്ചേരി നഗരസഭാ പരിധിയിലെ ഡിവിഷൻ നമ്പർ എട്ടിലുള്ള ചരൽപറമ്പ് പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന 18 കുടുംബങ്ങൾക്ക് നമുക്ക് ഉടനെ പട്ടയം കൊടുക്കാൻ കഴിയും. മറ്റെല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി ടി യോഗം ചേരാൻ ഇരിക്കുമ്പോഴാണ് തിരഞ്ഞെടുപ്പ് പ്രഖ്യാപനം വരുന്നതും അതിന്റെ ഭാഗമായി അത് നീണ്ടുപോകുകയും ചെയ്തത്. കൂടാതെ വടക്കാഞ്ചേരി

മുനിസിപ്പാലിറ്റിയിൽത്തന്നെ പതിനാലാം ഡിവിഷൻ കുമരനെല്ലൂർ തെലുങ്കർ നഗറിലെ 13 കുടുംബങ്ങൾക്കും ഡിവിഷൻ 20-ലെ അകമലമട്ടി എന്ന ആദിവാസ മേഖലയിലെ 16 കുടുംബങ്ങൾക്കും കുമരനെല്ലൂർ മിച്ച ഭൂമിയിലെ 10 കുടുംബങ്ങൾക്കും പട്ടയം അനുവദിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ വിവിധഘട്ടങ്ങളിലാണ്. അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കി അടിയന്തരമായി പ്രസ്തുത പട്ടയം ലഭ്യമാക്കണം. തൃശ്ശൂർ താലൂക്ക്, തലപ്പിള്ളി താലൂക്ക് എന്നിങ്ങനെ രണ്ട് താലൂക്കാണ് വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലുള്ളത്. ഈ പരിധിയിൽവരുന്ന ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റിയിലും പട്ടയം ലഭിക്കാൻ അർഹരായ നിരവധി കുടുംബങ്ങളുടെ അപേക്ഷകൾ വിവിധ തലത്തിൽ പരിശോധനയിലാണ്. ഇത് വേഗത്തിൽ പൂർത്തിയാക്കി ചില തടസ്സങ്ങൾ ഒഴിവാക്കി പട്ടയം കൊടുക്കാൻ കഴിയണം. ഇതിന്റെ സഹായകരമായ നിലയിൽ മുൻ സർക്കാരിന്റെ കാലത്തെ പട്ടയം മിഷൻ പ്രവർത്തനം തുടരുന്നതിനും എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ റവന്യൂ സർവെ ഉദ്യോഗസ്ഥന്മാരും ത്രിതല പഞ്ചായത്ത് ജനപ്രതിനിധികളും

ഉദ്യോഗസ്ഥന്മാരും ഒരുമിച്ചിരുന്ന് നിശ്ചിത ഇടവേളകളിൽ സംയുക്ത യോഗങ്ങൾ ചേർന്ന് പട്ടയ നടപടികൾ വേഗത്തിലാക്കാനും അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും വടക്കാഞ്ചേരിയിലെ ചരൽപറമ്പ് ഉൾപ്പെടെയുള്ളിടത്ത് പട്ടയം നൽകാൻ ആർ.ഡി.ഒ. തലത്തിലും താലൂക്ക് തലത്തിലുമുള്ള ഭൂപതിവ് കമ്മിറ്റി അടിയന്തരമായി രൂപീകരിക്കണമെന്നുമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി പട്ടയവിതരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻ പ്രഖ്യാപിച്ച നൂറുദിന കർമ്മപരിപാടിയിൽ 5,000 പട്ടയങ്ങൾ വിതരണം ചെയ്യണമെന്നാണ് തീരുമാനിച്ചിരുന്നത്. എന്നാൽ 100 ദിവസം പിന്നിട്ടപ്പോൾ 11,000 പട്ടയങ്ങളാണ് വിതരണം ചെയ്തത്. വരാനിരിക്കുന്ന ഈയൊരു വർഷത്തിനുള്ളിൽ, അതായത് ഈ ഗവൺമെന്റ് ഒരു വർഷം പൂർത്തിയാക്കുന്ന മെയ് 18-ഓടുകൂടി എസ്.സി., എസ്.ടി. വിഭാഗങ്ങൾക്കും മത്സ്യത്തൊഴിലാളി വിഭാഗങ്ങൾക്കും ഉൾപ്പെടെ

പരമാവധി ആളുകൾക്ക് പട്ടയം നൽകും. അഞ്ച് സെന്റും പത്ത് സെന്റും ഭൂമിക്ക് പോലും പട്ടയം ലഭിക്കാത്ത നിരവധി അപേക്ഷകൾ കെട്ടിക്കിടക്കുന്ന സാഹചര്യമുണ്ട്. അതിനായി ഒരു സ്പെഷ്യൽ ഡ്രൈവ് നടത്താൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. പട്ടയ മിഷനുമായി ബന്ധപ്പെട്ട് ഇവിടെ സൂചിപ്പിച്ച കാര്യം, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പല നിയോജകമണ്ഡലങ്ങളിലും നടന്നിട്ടുണ്ട്. ആ രീതിയിലും അല്ലാതെയും ഏതെല്ലാം വിധത്തിൽ എത്ര വേഗത്തിൽ പട്ടയങ്ങൾ വിതരണം ചെയ്യാൻ കഴിയും എന്നതിനെക്കുറിച്ചാണ് ഗവൺമെന്റ് ആലോചിക്കുന്നത്. റവന്യൂ വകുപ്പ് അതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരികയാണ്. ബഹുമാനപ്പെട്ട അംഗത്തിന്റെ നിയോജകമണ്ഡലത്തിലെ തലപ്പിള്ളി താലൂക്കിൽ വടക്കാഞ്ചേരി ചരൽപറമ്പ് പ്രദേശത്ത് പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന 18 കുടുംബങ്ങളിൽ 17 കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിനുള്ള അപേക്ഷകൾ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി ഭൂപതിവ് കമ്മിറ്റിയുടെ പരിഗണനയിലാണ്. അതിൽ ഒരു അപേക്ഷകയായ പാലക്കാടൻ വീട്ടിൽ വിൻസെന്റിന്റെ ഭാര്യ റിനിക്ക് കാഞ്ഞിരക്കോട് വില്ലേജിൽ സ്ഥലവും വീടും

ഉള്ളതായി കാണുന്നതിനാൽ അത് കൂടുതൽ പരിശോധനകൾക്കായി നൽകിയിട്ടുണ്ട്. അകമല മട്ടി കോളനിയിലെ 15 കുടുംബങ്ങൾക്ക് പതിവ് നടപടികളുടെ ഭാഗമായി നോട്ടീസ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ ഒരു അപേക്ഷകയായ തങ്ക മുല്ലക്കാട്ടു വളപ്പിൽ എന്ന വ്യക്തിക്ക് വേറെ സ്ഥലവും വീടും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടതിനാൽ ഇതുസംബന്ധിച്ച കൂടുതൽ പരിശോധനകൾ നടക്കുകയാണ്. കുമരനെല്ലൂർ തെലുങ്കർ കോളനിയിൽ ഉൾപ്പെട്ട 13 കുടുംബങ്ങൾക്ക് പതിവിനുള്ള അർഹത സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു. ഭൂപതിവ് കമ്മിറ്റിയുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും ഏതാണ്ട് പൂർത്തിയായിക്കഴിഞ്ഞു. ഉടൻതന്നെ ഗസറ്റ് വിജ്ഞാപനം വരും; അത് വന്നുകഴിഞ്ഞാൽ ഉടൻതന്നെ കമ്മിറ്റി യോഗം ചേരാവുന്നതാണ്. ഒരു കാര്യം ഉറപ്പാണ്; എത്രയും പെട്ടെന്ന് ബഹുമാനപ്പെട്ട അംഗത്തിന്റെ നിയോജകമണ്ഡലം ഉൾപ്പെടെ കേരളത്തിലെ വിവിധ മണ്ഡലങ്ങളിൽ ഇന്നും ആയിരക്കണക്കിന് ആളുകൾക്ക് പട്ടയം ലഭ്യമാക്കാനുള്ള നടപടികളുണ്ട്. ഇടുക്കി ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ എത്രയും പെട്ടെന്ന് എങ്ങനെ പട്ടയം നൽകാൻ കഴിയും എന്നതിനെക്കുറിച്ച്

ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. പട്ടയവിതരണം വേഗത്തിലാക്കുക എന്നത് ഗവൺമെന്റിന്റെ പ്രഥമ പരിഗണനയിലുള്ള കാര്യമാണ്. അതിനനുസരിച്ചുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകും. വടക്കാഞ്ചേരിയിലും അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഉടൻതന്നെ നടപ്പാക്കുന്നതാണ്.

(12) കലാലയങ്ങളിലെ അനാരോഗ്യകരമായ രാഷ്ട്രീയ പ്രവർത്തനങ്ങൾ

ശ്രീമതി ഉമ തോമസ്: സർ, കേരളത്തിലെ കലാലയങ്ങളിൽ ആരോഗ്യകരവും ജനാധിപത്യപരവുമായ രാഷ്ട്രീയ പ്രവർത്തനം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. വിദ്യാർഥികൾക്ക് രാഷ്ട്രീയ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനും സംഘടനകളിൽ പ്രവർത്തിക്കാനും ജനാധിപത്യപരമായി പ്രതിഷേധിക്കാനും അവകാശമുണ്ട്. സംസ്ഥാനത്തെ കലാലയങ്ങളിൽ എല്ലാ വിദ്യാർഥി സംഘടനകൾക്കും തുല്യമായ അവസരങ്ങൾ ഉറപ്പാക്കുകയും രാഷ്ട്രീയ പ്രവർത്തനത്തിന് വ്യക്തമായ പെരുമാറ്റച്ചട്ടം രൂപീകരിക്കുകയും ചെയ്യേണ്ടതുണ്ട്. എറണാകുളം മഹാരാജാസ് കോളേജിലെ പൂർവ വിദ്യാർഥിയായ എനിക്ക് ഇക്കഴിഞ്ഞ

ദിവസങ്ങളിൽ ഒന്നുരണ്ട് പരിപാടികളുമായി ബന്ധപ്പെട്ട് അവിടെ പോകുവാനുള്ള സാഹചര്യമുണ്ടായി. വിദ്യാർഥി രാഷ്ട്രീയ പ്രവർത്തനത്തിനിടയിൽ ജീവൻ പൊലിഞ്ഞവരെ ഏറെ ആദരവോടെയും ബഹുമാനത്തോടെയും സ്മരിച്ചുകൊണ്ടുതന്നെ ഞാൻ പറയട്ടെ; ഒരുകാലത്ത് അറിവിന്റെയും ചിന്തയുടെയും സർഗ്ഗാത്മകതയുടെയും സ്വതന്ത്രമായ സംവാദങ്ങളുടെയും ഇടമായിരുന്ന കലാലയത്തിന്റെ ചുവരുകളിലും തൂണുകളിലുമെല്ലാം രക്തസാക്ഷികളുടെ ചിത്രങ്ങൾ നിറയുന്നത് അതിഗൗരവത്തോടെ കാണേണ്ട വിഷയമാണ്. തൂണുകളിൽ ഈ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതുമൂലം തങ്ങളുടെ മക്കളെ പഠിക്കാനായി അയയ്ക്കുന്ന മാതാപിതാക്കൾക്ക് ആശങ്കയും ഭയവും ഉണ്ടാകുന്നത് സ്വാഭാവികമാണ്. "ഒഴിഞ്ഞുകിടക്കുന്ന തൂണുകളിൽ അടുത്തത് നമ്മുടെ കുട്ടിയുടെ ചിത്രമാണോ വരുന്നത്?" എന്നാണ് എന്നോട് ഒരു രക്ഷിതാവ് ചോദിച്ചത്. 1976 മുതൽ കേരളത്തിൽ അങ്ങോളമിങ്ങോളം ജീവൻ പൊലിഞ്ഞവരുടെ ചിത്രങ്ങളാണ് ഓരോ തൂണിലും പ്രദർശിപ്പിച്ചിരിക്കുന്നത്. ഇതിൽ വിദ്യാർഥികളുണ്ട്; വിദ്യാർഥികളല്ലാത്ത, പാർട്ടി പദവികൾ വഹിച്ചിരുന്നവരുമുണ്ട്. ഇതൊക്കെ

വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും ഭീതിദമായ ഒരു അന്തരീക്ഷമാണ് സൃഷ്ടിക്കുന്നത് എന്നതുകൊണ്ടുതന്നെ, അതിൽ ചില ചിത്രങ്ങൾ ഞാൻ എടുത്തുകൊണ്ടുവന്നിട്ടുണ്ട്. 1976 ഡിസംബർ 19-ന് പാലക്കാട് കൊടുവായൂരിൽ മരണപ്പെട്ട സഖാവ് വേലായുധൻ, 1977 ഡിസംബർ 7-ന് പന്തളം എൻ.എസ്.എസ്. കോളേജ് വിദ്യാർഥിയായിരുന്ന സഖാവ് ജി. ഭുവനേശ്വരൻ, 1976-ൽ മണ്ണാർക്കാട് മരണപ്പെട്ട സഖാവ് മുഹമ്മദ് മുസ്തഫ, 1982-ൽ പത്തനംതിട്ട ജില്ലയിൽ മരണപ്പെട്ട സഖാവ് സി. വി. ജോസ്...

മി. സ്പീക്കർ: ഭുവനേശ്വരന്റെ സഹോദരനാണ് നമ്മുടെ ജി. സുധാകരൻ.

ശ്രീമതി ഉമ തോമസ്: സർ, 1979-ൽ തൃപ്പൂണിത്തുറ ആയുർവേദ കോളേജിലെ സഖാവ് പി. കെ. രാജൻ, 1981 ജൂലൈ 13-ന് കോഴിക്കോട് ചേലന്നൂർ ഹൈസ്കൂൾ യൂണിറ്റ് പ്രസിഡന്റായിരുന്ന സഖാവ് പ്രദീപ്കുമാർ, തൃശ്ശൂർ ഗവൺമെന്റ് കോളേജിൽ 1981-ൽ മരണപ്പെട്ട സഖാവ് കെ. ആർ. തോമസ്, 1982-ൽ കൊല്ലം എസ്.എൻ. കോളേജിൽ മരണപ്പെട്ട സഖാവ് സി. കെ. ശ്രീകുമാർ... ഞാൻ കുറച്ചു ചിത്രങ്ങൾ മാത്രമാണ്

കൊണ്ടുവന്നിരിക്കുന്നത്. കോളേജിലെ മിക്കവാറും എല്ലാ ടൂണുകളിലും സമാനമായ രീതിയിലാണ് ചിത്രങ്ങൾ പ്രദർശിപ്പിച്ചിരിക്കുന്നത്. ഇത് നമ്മുടെ കലാലയങ്ങളിൽ ആവശ്യമുണ്ടോ എന്നുള്ളത് പരിശോധിക്കേണ്ട കാര്യമാണ്. വിദ്യാർഥികൾക്കും മാതാപിതാക്കൾക്കും ഭീതിദമായ അന്തരീക്ഷം സൃഷ്ടിക്കുന്ന കലാലയങ്ങളെക്കുറിച്ചുള്ള ഈയൊരു കാഴ്ചപ്പാട് മാറ്റാനായി ഇതിൽ ശക്തമായി ഇടപെടണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. രക്തസാക്ഷികളെ ആദരിക്കുന്നതിന് അതിന്റേതായ സ്ഥലങ്ങളും രീതികളുമുണ്ട്; അവിടെയെല്ലാം ഇതുപോലെ ചിത്രങ്ങൾ പ്രദർശിപ്പിച്ചാൽ കുഴപ്പമില്ല. വിദ്യാർഥികൾക്ക് ഭയംകൂടാതെ പഠിക്കാനും മാതാപിതാക്കൾക്ക് യാതൊരു ആശങ്കയും കൂടാതെ മക്കളെ കോളേജുകളിലേക്ക് അയയ്ക്കുവാനുമുള്ള സാഹചര്യം ഉറപ്പാക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. കഴിഞ്ഞദിവസം നമ്മളെല്ലാവരും പത്രങ്ങളിൽ വായിച്ചതാണ് യൂണിവേഴ്സിറ്റി കോളേജ് ഹോസ്റ്റലിൽ ബിയർ കുപ്പികൾ വലിച്ചെറിഞ്ഞ സംഭവം. കോളേജിലെ വിദ്യാർഥികൾ തന്നെയാണോ ഹോസ്റ്റലുകളിൽ താമസിക്കുന്നത് എന്നത് പരിശോധിച്ച്

ഉറപ്പാക്കേണ്ടതുണ്ട്. എന്റെ മണ്ഡലത്തിലെ ഭാരത് മാതാ കോളേജിൽ സഹപാഠികളുടെയും അധ്യാപികമാരുടെയും ചിത്രങ്ങളെടുത്ത് മോർഫ് ചെയ്ത് അശ്ലീല വെബ്സൈറ്റുകളിൽ സാമ്പത്തിക ലാഭത്തിനായി പ്രചരിപ്പിച്ച സംഭവം നമ്മളെല്ലാവരും അറിഞ്ഞതാണ്. ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ശക്തമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത് അനിവാര്യമാണ്. പ്രിൻസിപ്പലിന്റെ കസേര കത്തിച്ചതും പ്രതീകാത്മക ശവക്കല്ലറ ഒരുക്കിയതും ജീവിച്ചിരിക്കുമ്പോൾ തന്നെ പ്രിൻസിപ്പലിന് ആദരാഞ്ജലികൾ അർപ്പിച്ചതുമൊക്കെ നമ്മുടെ മുമ്പിലുണ്ട്. ഇതിനൊരു ലക്ഷ്മണരേഖ വരയ്ക്കേണ്ടത് അനിവാര്യമാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകി മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്ന ഉന്നത വിദ്യാഭ്യാസ വകുപ്പിലെ simple, able, powerful and silent performer ആയ ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇതിനൊരു ശാശ്വത പരിഹാരം കണ്ടെത്തുമെന്ന ഉറച്ച വിശ്വാസത്തോടുകൂടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഉന്നത വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥരെയും വിദ്യാർഥി സംഘടനകളെയും

കോളേജ് അധികൃതരെയും പങ്കെടുപ്പിച്ചുകൊണ്ട്, എല്ലാവരുടെയും പങ്കാളിത്തത്തോടെ ഒരു സമഗ്ര പെരുമാറ്റച്ചട്ട മാർഗരേഖ രൂപീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. റോജി എം. ജോൺ): സർ, കേരളത്തിലെ കലാലയങ്ങളിലെ വിദ്യാർഥി രാഷ്ട്രീയ പ്രവർത്തനത്തിന് പതിറ്റാണ്ടുകളുടെ ചരിത്രവും പാരമ്പര്യവുമുണ്ട്. വിവിധ വിദ്യാർഥി സംഘടനകളുടെ രൂപീകരണത്തിലൂടെയും ജനാധിപത്യപരമായ അവകാശ സംരക്ഷണത്തിന്റെ ഭാഗമായുമാണ് ഇത് വളർന്നുവന്നത്. ആരോഗ്യകരമായ രാഷ്ട്രീയം വിദ്യാർഥികളിൽ നേതൃപാടവം വളർത്തുന്നതിനും ജനാധിപത്യ-ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കുന്നതിനും സഹായിക്കുന്നതോടൊപ്പം ക്യാമ്പസ് അന്തരീക്ഷത്തെ സജീവവും ക്രിയാത്മകവും സർഗാത്മകവുമാക്കുന്നുണ്ട്. വിവിധ ആശയ സംവാദങ്ങൾക്ക് കലാലയ രാഷ്ട്രീയം വഴിയൊരുക്കുന്നുമുണ്ട്. എന്നിരുന്നാലും ചില സ്ഥാപനങ്ങളിലെങ്കിലും കലാലയ രാഷ്ട്രീയം ഇപ്പോൾ അനാരോഗ്യകരമായ പ്രവണതകളിലേക്ക് വഴിമാറുന്ന സാഹചര്യം സർക്കാരിന്റെ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാർഥികളുടെ ജനാധിപത്യപരമായി പ്രതിഷേധിക്കാനുള്ള അവകാശങ്ങളെ ഹനിക്കാതെ തന്നെ, ക്യാമ്പസുകളിൽ അരങ്ങേറുന്ന ഇത്തരം അനാരോഗ്യ പ്രവണതകൾ തടയുന്നതിനുള്ള നയസമീപനമാണ് ഈ സർക്കാർ സ്വീകരിച്ചുവരുന്നത്. അക്കാദമിക് ഇലക്ഷൻ കമ്മിഷൻ സ്ഥാപിച്ച് വിദ്യാർഥി യൂണിയൻ തിരഞ്ഞെടുപ്പുകളിലും കലാലയ രാഷ്ട്രീയ പ്രവർത്തനങ്ങളിലും ക്രിയാത്മകമായ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ സർക്കാരിന്റെ പുതിയ ബജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചതും അതുപോലെതന്നെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയതുമായ 'സിദ്ധാർഥൻ സ്റ്റുഡന്റ് ഡിസ്ട്രസ് ആപ്പ്' (Siddharthan Student Distress App), വിദ്യാർഥികളുടെ ക്ഷേമം ഉറപ്പുവരുത്താനുള്ള 'സിദ്ധാർഥൻ ആന്റി റാഗിങ് ആൻഡ് സ്റ്റുഡന്റ് വെൽഫെയർ ആക്ട്' (Siddharthan Anti-Ragging and Student Welfare Act) എന്നിവയെല്ലാം നമ്മുടെ കലാലയങ്ങളിലെ തെറ്റായ പ്രവണതകൾ അവസാനിപ്പിക്കാൻ സർക്കാർ നടത്തുന്ന ഊർജിത ശ്രമങ്ങളുടെ ഭാഗമാണ്. ബഹുമാനപ്പെട്ട

അംഗം ശ്രീമതി ഉമാ തോമസ് സൂചിപ്പിച്ചതുപോലെ ആരോഗ്യകരമായ കലാലയ രാഷ്ട്രീയം പ്രോത്സാഹിപ്പിക്കപ്പെടണം എന്നതുതന്നെയാണ് ഈ സർക്കാരിന്റെ സമീപനം. എന്നാൽ കലാലയങ്ങളുടെ സമാധാന അന്തരീക്ഷം തകർക്കുന്നതും സ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിന് വിഘാതമായി നിൽക്കുന്നതുമായ ഒരു തരത്തിലുള്ള പ്രവർത്തനങ്ങളും അംഗീകരിക്കാൻ സാധിക്കില്ല. ബഹുമാനപ്പെട്ട അംഗം സഭയിൽ ഉന്നയിച്ച വിഷയങ്ങൾ പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ...

മി. സ്പീക്കർ: സബ്മിഷൻ കഴിഞ്ഞിട്ട് അങ്ങേയ്ക്ക് എന്തെങ്കിലും പറയാൻ ഉണ്ടെങ്കിൽ ആ സമയത്ത് ഞാൻ ചോദിച്ചോളാം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ജെൻസി കുട്ടികളുടെ കാലം ആണല്ലോ. (മൈക്ക് ഓഫ്)

മി. സ്പീക്കർ: സബ്മിഷൻ കഴിയട്ടെ ....

(13) പാലക്കാട് - പാറ - പൊള്ളാച്ചി സംസ്ഥാന പാത നവീകരണം

Submission

ശ്രീ. എ. പ്രഭാകരൻ: സർ, കേരള - തമിഴ്നാട് സംസ്ഥാനങ്ങളെ ബന്ധിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട റോഡാണ് പാലക്കാട് - പാറ – പൊള്ളാച്ചി റോഡ്. പാലക്കാട് മുതൽ സംസ്ഥാന അതിർത്തിയായ ഗോപാലപുരം വരെ 13 കി.മീറ്റർ മലമ്പുഴ നിയോജകമണ്ഡലത്തിലും ബാക്കി 13 കി. മീറ്റർ ചിറ്റൂർ നിയോജകമണ്ഡലത്തിലും ഉൾപ്പെടുന്നതാണ് ഈ റോഡ്. നിലവിൽ ഈ റോഡ് കുണ്ടും കുഴിയും നിറഞ്ഞ് വളരെ പരിതാപകരമായ സ്ഥിതിയിലാണുള്ളത്. നമ്മുടെ സംസ്ഥാനത്തിനും മലയാളികൾക്കും അപമാനമായ ഒരു സംഭവമുണ്ട്. തമിഴ്നാട്ടിൽനിന്നും ഗോപാലപുരം വരെ വരുന്ന നാലുവരിപ്പാത ബി.എം. ആൻഡ് ബി.സി. റോഡിൽ സുഗമമായി യാത്ര ചെയ്യാം. റോഡിൽക്കൂടിയല്ല, ആകാശത്തുകൂടി പോകുന്നതുപോലെ യാത്ര ചെയ്യാൻ പറ്റുന്ന അത്രയും നല്ല റോഡാണത്. അതുകഴിഞ്ഞ് നമ്മുടെ അതിർത്തിയിലേക്ക് പ്രവേശിച്ചാൽ, പ്രത്യേക സ്വാഗത ബോർഡൊന്നും അവിടെ വയ്ക്കേണ്ടതില്ല, കേരളത്തിലേക്ക് എത്തിയെന്ന് അതുവഴി വാഹനത്തിൽ വരുന്നവർ പറയുന്ന അവസ്ഥയാണ്. ഇതൊരു വല്ലാത്ത അപമാനമാണ് കേരളത്തിനുണ്ടാക്കുന്നത്. അത് പരിഹരിക്കണമെന്നാണ്

ഈ സബ്മിഷൻ കൊണ്ടുദ്ദേശിക്കുന്നത്. തൃത്തുക്കുടിയിൽനിന്നും നൂറുകണക്കിന് ചരക്ക് വാഹനങ്ങളാണ് അതുവഴി കടന്നുപോകുന്നത്. മാത്രമല്ല, കണ്ടെയ്നറുകളും മലേഷ്യയിൽനിന്നും വരുന്ന മര ലോഡുകളുമൊക്കെ തൃത്തുക്കുടി വഴി ഇതിലേയാണ് വരുന്നത്. തമിഴ്നാട്ടിലുള്ളതുപോലെ നാലുവരിപ്പാതയാക്കി വീതികൂട്ടി റോഡ് പുനർനിർമ്മിക്കണം. സംസ്ഥാനത്തിന്റെ ഒരു അഭിമാന പ്രശ്നമായി ഈ വിഷയം ഏറ്റെടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പ്രശസ്തമായ ധാരാളം ക്ഷേത്രങ്ങളിലേയ്ക്ക് പോകുന്നത് ഈ റോഡിലൂടെയാണ്. പളനി, തിരുപ്പരൻകുണ്ഡ്രം, തിരുച്ചെന്തൂർ, മധുര, രാമേശ്വരം ക്ഷേത്രങ്ങളിലേക്ക് ദർശനത്തിനായി നിത്യേന നൂറുകണക്കിനാളുകൾ യാത്രചെയ്യുന്ന റോഡുകൂടിയാണിത്. തമിഴ്നാട്ടിൽനിന്നും മറ്റും വരുന്നവർ മേല്പറഞ്ഞ പ്രധാനപ്പെട്ട ക്ഷേത്രങ്ങളൊക്കെ സന്ദർശിച്ച് ഗുരുവായൂരിൽ വന്നതിനുശേഷമാണ് ശബരിമലയിലേക്ക് പോകുന്നത്. എത്രയോ മുമ്പുതന്നെ ഈ റോഡ് ശബരിമല പാക്കേജിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. പക്ഷെ നാളിതുവരെ ഇത് ഉൾപ്പെടുത്തിയിട്ടില്ല. തമിഴ്നാട്ടിൽനിന്ന് മാത്രമല്ല,

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽനിന്ന് വരുന്നവരും മേല്പറഞ്ഞ ക്ഷേത്രങ്ങൾ സന്ദർശിച്ച് ഗുരുവായൂരിൽ വന്ന് ഇതിലൂടെ പോകുമ്പോൾ അവരൊക്കെ ഈ റോഡിനെക്കുറിച്ച് വല്ലാതെ മോശമായി സംസാരിക്കുന്ന അവസ്ഥയാണുള്ളത്. മാത്രമല്ല, നിത്യേന ആക്സിഡന്റുകളുണ്ടായി വിലപ്പെട്ട ധാരാളം ജീവനുകൾ പൊലിയുന്ന സ്ഥിതികൂടി ഉണ്ടാകുന്നുണ്ട്. എന്തായാലും കൂടുതൽ കാലം വൈകിപ്പിക്കാതെ ടി റോഡ് നവീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് വകയിരുത്തണം. സി.ആർ.എഫ്.(സെൻട്രൽ റോഡ് ഫണ്ട്)-ൽ ഉൾപ്പെടുത്തി നാലുവരിപ്പാതയാക്കാൻ കഴിഞ്ഞില്ലെങ്കിലും നിലവിലുള്ള റോഡ് വീതികൂട്ടി നവീകരിക്കുന്നതിന് ആവശ്യമായ കനിവുണ്ടാകണം. അത് നമ്മുടെ നാടിനും സംസ്ഥാനത്തിനും അഭിമാനകരമായിരിക്കും. ടി റോഡിന്റെ ഫസ്റ്റ് റീച്ച് മലമ്പുഴ മണ്ഡലത്തിലും സെക്കന്റ് റീച്ച് ചിറ്റൂരുമാണ്. 8 കോടി 10 ലക്ഷം രൂപയുടെ ടെൻഡർ ചെയ്തെങ്കിലും നാളിതുവരെ അത് ആരംഭിച്ചിട്ടില്ല. ടി റോഡ് സി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി 15 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർക്ക് വന്നിട്ടുണ്ടെന്നാണ് ഞാൻ

മനസ്സിലാക്കുന്നത്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഈ റോഡിന്റെ ശോചനീയാവസ്ഥ പരിഗണിച്ച് അടിയന്തരമായി ടി റോഡ് നവീകരിക്കുന്നതിന് ആവശ്യമായ സഹായം ചെയ്യണമെന്നാണ് സബ്മിഷനിലൂടെ ഞാൻ അഭ്യർഥിക്കുന്നത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സർ, ബഹുമാനപ്പെട്ട മലമ്പുഴ നിയോജകമണ്ഡലം അംഗം ശ്രീ. എ. പ്രഭാകരൻ പാലക്കാട് - പൊള്ളാച്ചി റോഡിന്റെ ശോചനീയാവസ്ഥയെ സംബന്ധിച്ചാണ് സൂചിപ്പിച്ചത്. നിങ്ങളുടെ ഭരണ കാലത്ത് ഇതൊക്കെ ഉഷാറായി നടന്നിട്ടുണ്ടാകുമെന്നാണ് ഞാൻ വിചാരിച്ചത്. കാരണം അങ്ങ് ശക്തനായ ഒരു എം.എൽ.എ.-യും പാർട്ടി ജില്ലാ സെക്രട്ടറിയുമൊക്കെയായിരുന്നു. എന്നിട്ടും എന്തുപറ്റിയെന്നാണ് അങ്ങ് സബ്മിഷൻ അവതരിപ്പിച്ചപ്പോൾ ഞാൻ ആലോചിച്ചത്. പാലക്കാട് നിന്നും പൊള്ളാച്ചിയിലേക്ക് പോകുമ്പോഴുള്ള റോഡിന്റെ ദയനീയാവസ്ഥയെക്കുറിച്ച് അങ്ങ് പറഞ്ഞത് ശരിയാണ്. ഞങ്ങൾ ഭരണത്തിൽ വന്നിട്ട് നാലര മാസമേ ആയിട്ടുള്ളൂ, പുതിയ ഗവൺമെന്റാണ്. ശബരിമലയോട് നിങ്ങൾക്ക് സ്നേഹമുണ്ട്. ഏതായാലും ഈ

റോഡ് സി.ആർ.എഫ്.-ൽ ഉൾപ്പെടുത്തേണ്ടതില്ല. അങ്ങ് പറഞ്ഞതുപോലെ ചിറ്റൂർ നിയോജകമണ്ഡലത്തിൽ 13 കിലോമീറ്ററും 13 കിലോമീറ്റർ മലമ്പുഴ നിയോജകമണ്ഡലത്തിലുമാണുള്ളത്. ഇരട്ടക്കുളം മുതൽ ഗോപാലപുരം വരെയുള്ള ഭാഗത്തിന്റെ റിപ്പയർ വർക്കിനുവേണ്ടി നേരത്തെ സാങ്ഷൻ കൊടുത്തിരുന്നു. കരാറുകാരന് ടി വർക്ക് 08-06-2026-ന് കൈമാറിയതുമാണ്. ഇതുവരെ വർക്ക് ഏറ്റെടുത്തിട്ടില്ല. അടിയന്തരമായി ഈ അതിർത്തിയിലുള്ള റോഡ് നവീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് എസ്റ്റിമേറ്റ് എടുത്ത് പ്രവൃത്തി നടത്താവുന്നതാണ്. സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ ഒരുകൊല്ലം വേണ്ടിവരും. ആവശ്യമില്ലാത്തത് പറയുന്നതുകൊണ്ടാണ് ഇതൊന്നും നടക്കാത്തത്. ഈ റോഡ് നവീകരിക്കുന്നതിന് സംസ്ഥാന ഫണ്ട് മതിയാകും, അത് നടത്താവുന്നതാണ്.

(14) <u>കെ. കണ്ണപുരം പാലത്തിന്റെ തകർച്ച പരിഹരിക്കൽ</u>

<u>ശ്രീ. എം. വിജിൻ</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട റോഡാണ് പാപ്പിനിശ്ശേരി- പിലാത്തറ കെ.എസ്.ടി.പി.

റോഡ്. കണ്ണൂരിൽനിന്ന് കാസർഗോഡിലേയ്ക്കുള്ള യാത്രയ്ക്ക് ജനങ്ങൾ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് ഈ റോഡാണ്. എന്റെ മണ്ഡലത്തിലെ ഈ റോഡിൽ കെ. കണ്ണപുരം പാലം കാലവർഷത്തെ തുടർന്ന് തകർച്ചാ ഭീഷണി നേരിടുന്നതും റോഡിൽ താഴ്ചയും അമർച്ചയും സംഭവിച്ച നിലയിൽ അതീവ ഗുരുതരമായ സാഹചര്യമാണുള്ളത്. നിരവധി വാഹനങ്ങളാണ് ഇതിലൂടെ കടന്നുപോകുന്നത്. അവിടെ വലിയ പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. അവിടെ ഗതാഗതക്കുരുക്കും സ്കൂട്ടർ ഉൾപ്പെടെയുള്ള വാഹനങ്ങൾ അപകടത്തിൽപ്പെടുന്ന സാഹചര്യവും സ്കൂൾ കുട്ടികളുൾപ്പെടെ അതുവഴി കടന്നുപോകുമ്പോൾ വലിയ ബുദ്ധിമുട്ടുകളും സുരക്ഷാ പ്രശ്നങ്ങളും യാത്രാ ക്ലേശങ്ങളും ഉണ്ടാകുന്നുണ്ട്. നിരവധി അറ്റകുറ്റപ്പണികൾ പി.ഡബ്ല്യു.ഡി. നടത്തിയെങ്കിലും വീണ്ടും ഈ പാലം തകർച്ചയുടെ ഘട്ടത്തിലേക്ക് പോകുകയാണ്. ആ പാലത്തിന് അഞ്ചരക്കോടി രൂപയുടെ എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി തയ്യാറാക്കിയിട്ടുള്ളത്. വളരെ പ്രധാനപ്പെട്ട റോഡ് എന്ന രീതിയിൽ അഞ്ചരക്കോടി രൂപയ്ക്ക് പുതിയ പാലം അനുവദിക്കുന്നതിന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി തയ്യാറാകണം എന്നാണ് ഈ

സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. അതോടൊപ്പംതന്നെ അടിയന്തരമായി ഇപ്പോഴുള്ള അപകടം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പി.ഡബ്ല്യു.ഡി. തന്നെ 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് സബ്മിറ്റ് ചെയ്തിട്ടുണ്ട്. അതിലും അങ്ങയുടെ അടിയന്തരമായ ഇടപെടലുണ്ടാകണം. അറ്റകുറ്റപ്പണി പൂർത്തീകരിച്ചും ശാശ്വത പരിഹാരമെന്ന രീതിയിൽ അഞ്ചരക്കോടി രൂപ അനുവദിച്ച് ആ പാലം അടിയന്തരമായി അനുവദിക്കണമെന്നും ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എം. വിജിൻ ഉന്നയിച്ചത് കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ പാപ്പിനിശ്ശേരി - പിലാത്തറ കെ.എസ്.ടി.പി. റോഡിലെ കണ്ണപുരം പാലത്തിന്റെ ശോചനീയാവസ്ഥ സംബന്ധിച്ചാണ്. കണ്ണപുരത്ത് നിലവിലുള്ള പഴയ പാലം കാലപ്പഴക്കം കാരണം അപകടാവസ്ഥയിലാണ്. പക്ഷെ, ബഹുമാനപ്പെട്ട അംഗം കഴിഞ്ഞ തവണ

ഒരു ഭരണകക്ഷി എം.എൽ.എ. ആയിരുന്നു. അഞ്ച് കോടി രൂപയുടെ എസ്റ്റിമേറ്റ് കൊടുത്തു. എന്നാൽ ബജറ്റ് പ്രൊവിഷൻ ഇല്ലാത്തതിനാൽ 2025-ൽ അത് ഡെഫർ ചെയ്തു. ഇനി ചെയ്യാൻ പോകുന്നതിന് അപ്പോഴല്ലെ അതിനൊരു വിലയുണ്ടാവുകയുള്ളൂ.... രണ്ടാമത്, 2025-ൽ ഡി.എസ്.ആർ. വർക്കിന് അഞ്ചരക്കോടി രൂപ തന്നെ കൊടുത്തു. അപ്പോഴും ബജറ്റ് പ്രൊവിഷൻ ഇല്ലാത്തതുകൊണ്ട് ഡെഫർ ചെയ്യുകയാണുണ്ടായത്. നിങ്ങൾ ചെറുപ്പക്കാർ കഴിഞ്ഞ കാലത്ത് ധാരാളം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെന്നാണ് ഞാൻ വിചാരിച്ചത്. ഏതായാലും അദ്ദേഹം സൂചിപ്പിച്ചത് വളരെ അടിയന്തര പ്രാധാന്യമുള്ള വിഷയമാണ്. ആ പാലം നവീകരിക്കാം. അതിന് അമ്പത് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പുതിയ പാലം അടുത്ത ബജറ്റിൽ ഉൾപ്പെടുത്തി ചെയ്യാം. അതിനുള്ള നടപടി സ്വീകരിക്കാം.

(15) റെസ്റ്റോറേഷൻ തുക ഒടുക്കുന്നതിലെ കാലതാമസം

ശ്രീ. റോണി കെ. ബേബി: സർ, കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിന്റെ ഹൃദയഭാഗത്തുകൂടി കടന്നു പോകുന്ന കാനം-ചാമംപതാൽ റോഡിന്റെ പുനർനിർമ്മാണം സ്തംഭനാവസ്ഥയിൽ ആയതിന്റെ

Submission

പരിഹാരം തേടിയാണ് ഞാൻ ഈ സബ്മിഷൻ ബഹുമാനപ്പെട്ട സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. പൊതുമരാമത്ത് റോഡുകളിൽ കേരള ജല അതോറിറ്റിയുടെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള റെസ്റ്റോറേഷൻ പ്രവൃത്തികൾക്കായി നിലവിൽ 'സുഗമ പോർട്ടൽ' വഴിയാണ് പൊതുമരാമത്ത് വകുപ്പിൽനിന്ന് ഡിമാന്റ് നോട്ടീസ് നൽകിവരുന്നത്. മുമ്പ് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 01-06-2024-ലെ സർക്കുലർ പ്രകാരം റെസ്റ്റോറേഷൻ പ്രവൃത്തികൾക്ക് ഫണ്ട് അനുവദിക്കുന്നതിൽ പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കണമെന്ന നിർദേശം നിലവിലുണ്ടായിരുന്നു. എന്നാൽ പൊതുമരാമത്ത് (നിരത്ത്) വിഭാഗം ചീഫ് എഞ്ചിനീയറുടെ 27-07-2026-ലെ സർക്കുലർ പ്രകാരം മുൻ സർക്കുലർ റദ്ദാക്കിക്കൊണ്ട് ഇപ്രകാരമുള്ള ഡിമാന്റ് നോട്ടീസുകൾ സുഗമ പോർട്ടൽ വഴി നൽകിയാൽ മതി എന്ന് നിർദേശിച്ചിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് (നിരത്ത്) വിഭാഗത്തിൽനിന്ന് ഇത്തരത്തിൽ സമർപ്പിക്കുന്ന ഡിമാന്റ് നോട്ടീസുകൾ പ്രൈസ് എസ്റ്റിമേറ്റില്ലായെന്ന കാരണത്താൽ ജല അതോറിറ്റി മടക്കുന്ന സാഹചര്യം

നിലവിലുണ്ട്. ഇതേ പ്രശ്നത്താൽ കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ പ്രവൃത്തി ആരംഭിക്കേണ്ട കാനം-ചാമംപതാൽ റോഡിന്റെ... പ്രത്യേകിച്ചും നമുക്കറിയാം ശബരിമല സീസൺ ആരംഭിക്കാൻ പോവുകയാണ്. ശബരിമല- എരുമേലിയിലേയ്ക്കുള്ള ഒരു ഗേറ്റ് വേ ആണ് കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ നിരവധി റോഡുകൾ. ഈ പ്രധാനപ്പെട്ട റോഡ് ഉൾപ്പെടെ അതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. റെസ്റ്റോറേഷൻ തുക ഒടുക്കാത്തതിനാൽ അവിടങ്ങളിലെ ജല അതോറിറ്റിക്ക് കീഴിലെ പ്രവൃത്തികളും യഥാസമയം ആരംഭിക്കാൻ സാധിക്കാത്ത സ്ഥിതി വിശേഷമാണുള്ളത്. ഈ സാഹചര്യത്തിൽ ഇതൊരു അടിയന്തര വിഷയമായി ബഹുമാനപ്പെട്ട സർക്കാർ പരിഗണിച്ച് ഇത്തരത്തിലുള്ള സാങ്കേതിക പ്രശ്നങ്ങൾ ഒഴിവാക്കി രണ്ട് വകുപ്പുകളുടെയും ഏകോപനം ഉറപ്പുവരുത്തി റോഡ് പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുമ്പുതന്നെ ജല അതോറിറ്റികളുടെ പ്രവൃത്തികൾക്ക് അനുമതി നൽകി, രണ്ട് വകുപ്പുകളുടെയും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ

അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ സർക്കാരിനോട് അഭ്യർഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ, പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ വിവിധ യൂട്ടിലിറ്റി ഏജൻസികൾക്ക് റോഡ് കട്ടിങ് അനുമതി നൽകുന്നതിനായി നിലവിൽ സുഗമ പോർട്ടൽ മുഖേനയാണ് അപേക്ഷകൾ സമർപ്പിക്കുന്നത്. പരിഷ്കരിച്ച സുഗമ പോർട്ടൽ മുഖേനയാണ് ഡിമാന്റ് നോട്ടീസും നൽകിവരുന്നത്. പോർട്ടൽ മുഖേന കൈകാര്യം ചെയ്യുന്ന അപേക്ഷകളിൽ റെസ്റ്റോറേഷൻ നിരക്കുകൾ ഏകീകരിക്കുന്നതിനായി പൊതുവായ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഡി.എസ്.ആർ. 2021-ൽ നിലവിൽ വന്ന സാഹചര്യത്തിലും ബിറ്റുമിൻ വിലയിലുണ്ടായ ഗണ്യമായ വർധനവും പരിഗണിച്ച് 09-09-2026-ലെ സർക്കുലർ പ്രകാരം റെസ്റ്റോറേഷൻ നിരക്കുകൾ പുതുക്കി നിശ്ചയിക്കുകയും സുഗമ പോർട്ടലിൽ അപ്ലോഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് റോഡുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിന് റോഡ് കട്ടിങ് ആവശ്യമായി വരുന്ന

സാഹചര്യത്തിൽ കേരള വാട്ടർ അതോറിറ്റി സുഗമ പോർട്ടൽ മുഖേന അപേക്ഷ സമർപ്പിച്ച് നിശ്ചിത ഫീസ് അടയ്ക്കേണ്ടതാണ്. തുടർന്ന് നിലവിലുള്ള ചട്ടങ്ങളും ഉത്തരവുകളും അനുസരിച്ച് പൊതുമരാമത്ത് (റോഡ് വിഭാഗം) റോഡ് കട്ടിങ്ങിനുള്ള അനുമതി നൽകിവരുന്നുണ്ട്. റെസ്റ്റോറേഷൻ തുക യഥാസമയം അടയ്ക്കാത്തതുമൂലമോ, റോഡ് കട്ടിങ് പ്രവൃത്തികൾ വൈകുന്നതുമൂലമോ പൊതുമരാമത്ത് വകുപ്പിന്റെ ഒറിജിനൽ റോഡ് പ്രവൃത്തികൾ തടസ്സപ്പെടുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ തുടർനടപടി സ്വീകരിക്കാൻ എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദേശം നൽകിയിട്ടുണ്ട്. കൂടാതെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, പൊതുമരാമത്ത് വകുപ്പിന്റെ നിലിവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം റെസ്റ്റോറേഷൻ പ്രവൃത്തികൾക്കുള്ള ഫണ്ട് അനുവദിക്കുന്നതിന് പ്രൈസ് സോഫ്റ്റ്വെയർ മുഖേന എസ്റ്റിമേറ്റ് സമർപ്പിക്കേണ്ടത് നിർബന്ധമല്ല. ഇക്കാര്യത്തിൽ നിലവിൽ മറ്റു സാങ്കേതിക തടസ്സങ്ങളൊന്നുമില്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതിൽ എന്തെങ്കിലും

വിഷയമുണ്ടെങ്കിൽ അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.